വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2022
മാർച്ച്

# കയർ വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)



## കയർഫെഡ് 29–ാമത് വാർഷിക പൊതുയോഗ വാർത്തകൾ

## നവകേരള ബഡ്ജറ്റ് 2022



Coirfed

Deep Sleep

MATTRESS

Wake up to good health

Coirfed

The Kerala State Co-operative Coir Marketing Federation Ltd. No.679

PB.No.4616, Alappuzha, Kerala, India, Tel + 91 477 2243627, 2243628,2243629, Fax: +91 477 2244013

E-mail: coirfedho@gmail.com. Website: www.coirfed.com, www.coirfed.kerala.gov.in

# കയർ വ്യവസായം

# ഉള്ളടക്കം


**Vol-5, No.-8**

Established in 1998

Founder Chief Editor:

**Anathalavattom Anandan**



*Chief Editor:*

**Adv. N. Saikumar**

*Editorial Board*

**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**V.R. Vinod IAS**

*Managing Editor*

**B. Sunil**

*Editorial Assistants*

**N.S. Mohandas**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*

**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**






**PAGE 12**




നവകേരള
ബഡ്ജറ്റ് 2022

**PAGE 19**



കയർഫെഡ്
സ്വർണ്ണമഴ പദ്ധതി
നറുക്കെടുപ്പ്

**PAGE 20**




വരൂ... നിങ്ങൾക്കും
സംരംഭകനാകാം..

**PAGE 24**




സഹകരണ
എക്സ്പോ 2022


ലേഖകരുടെ അഭിപ്രായങ്ങൾ
കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ
ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്


**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**




# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

കയർ വ്യവസായം

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ– 400 രൂപ
ഒറ്റപ്രതി– 40 രൂപ

| **പരസ്യനിരക്ക്** (സൈസ് ഡമ്മി 1/4) | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |

മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ–688012
ഫോൺ–0477 2243628/29







# എഡിറ്റോറിയൽ

## മാനേജീരിയൽ സബ്സിഡി അനുവദിക്കണം

**കോ**വിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും കയർ വികസന വകുപ്പ് വാർഷിക പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ച് ചരിത്രം സൃഷ്ടിച്ചിരിക്കുന്നു. 2021-22 വർഷത്തെ ബഡ്ജറ്റിൽ 112.74 കോടി രൂപയാണു കയർ വികസന വകുപ്പിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ചിരുന്നത്. എന്നാൽ 130 കോടിയിലധികം രൂപ ചെലവഴിച്ച് കയർവികസന വകുപ്പ് മാതൃകയായി.

പ്രൊഡക്ഷൻ ആന്റ് മാർക്കറ്റിംഗ് ഇൻസെന്റീവ് (പി.എം.ഐ.), വിപണി വിപുലീകരണ ഫണ്ട് (എം.ഡി.എ.) എന്നീ ഇനങ്ങളിൽ മുഴുവൻ തുകയും അനുവദിച്ചു നൽകിയത് കയർപിരി സംഘങ്ങൾക്കും ഉത്പന്ന നിർമ്മാണ സംഘങ്ങൾക്കും ആശ്വാസമായി. കയർ തൊഴിലാളികളുടെ പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികൾക്കും കോവിഡ്കാല ആശ്വാസ ധനസഹായത്തിനും തുക ചെലവഴിച്ചതുവഴി വിരമിച്ച കയർതൊഴിലാളികൾക്കും ആശ്വാസമെത്തിക്കുവാൻ കഴിഞ്ഞു. ഇങ്ങനെ സമ്പൂർണ്ണ പദ്ധതി ധനവിനിയോഗം വഴി സർക്കാരിന്റെ സേവനം കയർമേഖലക്കാകെ ഗുണകരമായി തീർന്നിട്ടുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഇക്കൊല്ലം കയർ ഭൂവസ്ത്ര വിതാനവും ഗണ്യമായി വർദ്ധിപ്പിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. കയർഫെഡിന് അനുവദിച്ചു നൽകിയിട്ടുള്ള 4 ജില്ലകളിൽ കഴിഞ്ഞ കൊല്ലത്തെ അപേക്ഷിച്ച് ഭൂവസ്ത്ര വിപണനത്തിൽ 100% വർദ്ധനവ് വരുത്താനായിട്ടുണ്ട്. ബഹു. വ്യവസായ-കയർ-നിയമ മന്ത്രിയുടെ നിർദ്ദേശാനുസരണം കയർ വികസന വകുപ്പ് ഉദ്യോഗസ്ഥൻമാർ ഓരോ ഗ്രാമപഞ്ചായത്തും കയറിയിറങ്ങി നടത്തിയ പ്രവർത്തനം വിസ്മയകരമാണ്. കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഇതിന്റെ ഫലമായിട്ടാണ് കയർ ഭൂവസ്ത്ര വിപണനത്തിൽ ഈ നേട്ടം കൈവരിക്കാനായത്.

2021-22-ൽ 112.74 കോടി രൂപ നീക്കിവെച്ച സ്ഥാനത്ത് 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ 117 കോടി രൂപയാണ് കയർ വ്യവസായത്തിനു വകയിരുത്തിയിട്ടുള്ളത്. ഇത് കയർ മേഖലയുടെ കൂടുതൽ മുന്നേറ്റത്തിനു സഹായകരമാണ്. കയർ മേഖലയ്ക്ക് ഊർജ്ജം പകരുന്ന ബജറ്റാണ് ധനമന്ത്രി നിയമസഭയിൽ അവതരിപ്പിച്ചത്.

മുൻകാലങ്ങളിൽ നൽകിയിരുന്ന മാനേജീരിയൽ സബ്സിഡി കൂടി അനുവദിച്ചുകിട്ടിയാൽ കയർ സംഘം ജീവനക്കാർക്ക് മിനിമം ശമ്പളം ഉറപ്പുവരുത്താനാകും. മാനേജീരിയൽ സബ്സിഡി ഇനത്തിൽ മൂന്ന് കോടി രൂപ അനുവദിക്കുന്നതിനു സർക്കാർ തയ്യാറാകണമെന്നുള്ള കയർ സംഘം ജീവനക്കാരുടെയും സഹകാരികളുടെയും ആവശ്യം കൂടി പരിഗണിക്കണമെന്നു ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു.

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ



## കയർഫെഡിന്റെ 29–ാമത് വാർഷിക പൊതുയോഗം ആലപ്പുഴയിൽ നടന്നു

# കയർ സംഭരണം, വിപണനം, വിറ്റുവരവ് കയർഫെഡിന് സർവ്വകാല റെക്കോർഡ്

### (ചെയർമാൻ അഡ്വ. എൻ. സായികുമാറിന്റെ അധ്യക്ഷ പ്രസംഗത്തിൽ നിന്ന്)

**ക**യർഫെഡിന്റെ കഴിഞ്ഞ ആറുവർഷത്തെ കയർ സംഭരണവും വിപണനവും വിറ്റുവരവും സർവ്വകാല റെക്കോർഡാണെന്ന് കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർപറഞ്ഞു. ആലപ്പുഴയിൽ ചേർന്ന കയർഫെഡിന്റെ 29ാമത് വാർഷിക പൊതുയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്ന അദ്ദേഹം. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് കയർഫെഡിന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അധികാരമേൽക്കുന്നത് 1.07.2016 ലാണ്. അഡ്വ. എൻ. സായികുമാർ കൺവീനറായും എസ്.എൽ. സജികുമാർ, വി.എസ്. മണി എന്നിവർ അംഗങ്ങളായും ഉള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ആണ് അധികാരമേറ്റത്. 2017 ഡിസംബർ മാസത്തിലാണ് ഭരണസമിതി തെരഞ്ഞെടുപ്പ് നടക്കുന്നത്. അന്ന് തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയാണ് ഇപ്പോഴും കയർഫെഡിൽ അധികാരത്തിൽ തുടരുന്നത്. ബോർഡ് അംഗമായി തെരഞ്ഞെടുക്കപ്പെട്ട പി.കെ. അപ്പുക്കുട്ടൻ നിര്യാതനായി. റിപ്പോർട്ട് വർഷം കയർഫെഡ് മാനേജിംഗ് ഡയറക്ടറായി പ്രവർത്തിച്ചത് സി. സുരേഷ്കുമാറാണ്. 2017 സെപ്റ്റംബർ അവസാനമാണ് അദ്ദേഹം കയർഫെഡിൽ ചുമതല എടുക്കുന്നത്. 2022 ജനുവരി മാസം ആദ്യം അദ്ദേഹം മാനേജിംഗ് ഡയറക്ടർ സ്ഥാനം രാജിവെച്ചു.




*ആലപ്പുഴയിൽ ചേർന്ന കയർഫെഡിന്റെ 29- ാമത് വാർഷിക പൊതുയോഗത്തിൽ കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ സംസാരിക്കുന്നു.*

2016-17 ന് മുൻപുള്ള അഞ്ചുവർഷക്കാലം കയർഫെഡിന്റെ കയർ സംഭരണം ശരാശരി 65,000 ക്വിന്റലായിരുന്നു. 1979-ൽ കയർഫെഡ് രൂപീകരിച്ചതിനുശേഷം ഒരു ലക്ഷത്തിന് മുകളിൽ ഒരു കാലത്തും കയർഫെഡ് കയർ സംഭരണം നടത്തിയിട്ടില്ല. എന്നാൽ കഴിഞ്ഞ അഞ്ചു കൊല്ലക്കാലത്തെ കയർഫെഡിന്റെ കയർ സംഭരണം ക്രമാനുഗതമായി വർധിച്ചതായി കാണുവാൻ കഴിയും. ആദ്യവർഷം 2016-17 ൽ കയർ സംഭരണം 99,794 ക്വിന്റലും 2017-18 ൽ 124961 ക്വിന്റലും 2018-19 ൽ 156938 ക്വിന്റലും 2019-20 ൽ 176947 ക്വിന്റലുമായി വർദ്ധിച്ച് 2020-21 ൽ അത് 217906 ക്വിന്റലിൽ എത്തി. ഇത് കയർഫെഡിന്റെ ചരിത്രത്തിൽ സർവകാല റെക്കോർഡാണ്. ഒരു വലിയ നേട്ടത്തിലേയ്ക്കാണ് ഈ കാലഘട്ടത്തിൽ കയർഫെഡ് നടന്നു കയറിയത്.

അതുപോലെ വിൽപ്പനയിലും പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. കയർഫെഡിന്റെ വിറ്റുവരവ് ശരാശരി 5054 കോടി രൂപയായിരുന്നു. കയർഫെഡിന്റെ പ്രധാന വിൽപ്പന കയറിന്റേതാണ്. കയർ സംഭരണം വർദ്ധിച്ചതനുസരിച്ച് കയർ വിപണനവും വർദ്ധിച്ചു. ഇതിന്റെ ഫലമായി കയർഫെഡിന്റെ വിറ്റുവരവ് 2016-17 ൽ 65.84 കോടി രൂപ, 2017-18 ൽ 109.23 കോടി രൂപ, 2018-19 ൽ 126.40 കോടി രൂപ, 2019-20 ൽ 125.74 കോടി രൂപ എന്നിങ്ങനെ വർദ്ധിച്ച് 2020-21 ൽ 152.90 കോടി രൂപയിൽ എത്തി നിൽക്കുന്നു. 54 കോടി രൂപയിൽ നിന്നാണ് കയർഫെഡിന്റെ വിറ്റുവരവ് 153 കോടിയിൽ എത്തിയതെന്ന് പ്രസിഡന്റ് പറഞ്ഞു. വലിയ ശതമാനത്തിന്റെ വർദ്ധനവാണ് വിറ്റുവരവിൽ കയർഫെഡിന് നേടാനായത്. ഒരു മഹത്തായ ഉത്തരവാദിത്വം ആണ് ഇതുവഴി കയർഫെഡ് ഭരണസമിതി ഏറ്റെടുത്തിട്ടുള്ളത്.

എന്നാൽ ഈയടുത്ത കാലത്തായി കയർഫെഡിനെതിരായി ബോധപൂർവമായ പത്രമാധ്യമങ്ങളിൽ വന്നിട്ടുള്ള അപകീർത്തികരമായ വാർത്തകളുടെ നിജസ്ഥിതി സഹകാരി സമൂഹം കണക്കുകളുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ മനസിലാക്കണമെന്നും കയർഫെഡ് പ്രസിഡന്റ് പറഞ്ഞു.

1995 ൽ ഏ.കെ. ആന്റണി സർക്കാർ കയർഫെഡ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ നിയമനം പി.എസ്.സിക്ക് വിട്ടെങ്കിലും കയർഫെഡ് നിയമനം ചട്ടം അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. എന്നാൽ 2016 ൽ കയർഫെഡിൽ അധികാരമേറ്റെടുത്ത അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി, സർക്കാരും പി.എസ്.സി.യുമായി നടത്തിയ നിരന്തര സമ്മർദ്ദത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായാണ് 2017 ൽ നിയമന ചട്ടം അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിഞ്ഞത്. 2017 അവസാനം മുതൽ ഓരോ ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തു.




*കയർഫെഡ് ജനറൽ മാനേജർ ബി. സുനിൽ വാർഷിക പൊതുയോഗത്തിൽ സ്വാഗതം ആശംസിക്കുന്നു.*

അങ്ങനെ കയർഫെഡിൽ ഒഴിവുണ്ടായിരുന്ന മുഴുവൻ ഒഴിവുകളും ഇതിനകം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞു എന്ന വിവരവും അദ്ദേഹം എടുത്തു പറഞ്ഞു. 2018 ആദ്യം റിപ്പോർട്ട് ചെയ്ത സെയിൽസ് അസിസ്റ്റൻറ് ഗ്രേഡ്-2 ന്റെ ലിസ്റ്റ് പി.എസ്.സി പ്രസിദ്ധീകരിക്കുന്നത് 2021 ലാണ്. ദീർഘമായ നാല് കൊല്ലക്കാലം എടുത്താണ് പി.എസ്.സി. ഒരു റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. അതുപ്രകാരം അഡ്വൈസ് നൽകിയ 22 പേരെയും അപ്പോയ്മെൻറ് അതോറിറ്റി ആയ ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചു നിയമന ഉത്തരവും നൽകി. എന്നാൽ എട്ട് പേർ മാത്രമാണ് ജോയിൻ ചെയ്തത്. ഇവരെയെല്ലാം കേരളത്തിനു പുറത്തുള്ള ഷോറൂമിലാണ് നിയമിച്ചത്. ഈ ലിസ്റ്റിൽ ഭൂരിഭാഗംപേരും വനിതകളാണ്. ജോയിൻ ചെയ്ത 8 പേർക്കും വിശദമായ പരിശീലനവും നൽകിയാണ് കയർഫെഡ് 8 ഷോറൂമുകളുടെ ചുമതല ഏൽപ്പിച്ചു നൽകിയത്. ജോയിൻ ചെയ്യാത്ത 14 പേരുടെ എൻ.ജെ.ഡി. ഒഴിവുകളും യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തു. തുടർന്ന് റിപ്പോർട്ട് ചെയ്ത മറ്റു തസ്തികകളുടെ ലിസ്റ്റുകളും പി.എസ്.സി. പ്രസിദ്ധീകരിച്ചുകൊ

ണ്ടിരിക്കുകയാണ്.

ആകെ 448 ജീവനക്കാരുടെ അംഗീകൃത തസ്തിക യുള്ള കയർഫെഡിൽ മാനേജീരിയൽ സ്റ്റാഫിൽ മാത്രം 12 ജീവനക്കാരുടെ കുറവാണുള്ളത്. ഈ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതു മൂലം കയർഫെഡിന്റെ പ്രവർത്തനം ആകെ സ്തംഭിക്കുന്ന അവസ്ഥയായിരുന്നു നിലവിലുണ്ടായിരുന്നത്. പി.എസ്.സി മുഖേന നിയമനം നടക്കുവാനുള്ള കാലതാമസവും പരിഗണിച്ചാണ് സർക്കാർ ഏജൻസിയായ കിറ്റ്കോയുടെ സഹകരണത്തോടുകൂടി അത്യാവശ്യം വേണ്ട കുറച്ചു ജീവനക്കാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാൻ നിർബന്ധിതമായത്. കിറ്റകോ സ്വതന്ത്രമായി എല്ലാ വിധ നടപടിക്രമങ്ങളും പാലിച്ചു തയാറാക്കി നൽകിയ ലിസ്റ്റുകളിൽ നിന്നാണ് മാർക്കറ്റിംഗ് മാനേജർ, ഇലക്ട്രിക്കൽ എൻജിനീയർ, സിവിൽ സബ് എൻജിനീയർ തുടങ്ങിയ തസ്തികകളിൽ നിയമനം നടത്തിയത്. ആവശ്യമായ പ്രൊഫഷണൽ യോഗ്യതയുള്ളവരെ ആണ് ഇത്തരത്തിൽ തെരഞ്ഞെടുത്തത്. ഇവരുടെകൂടി ശ്രമഫലമായാണ് കയർഫെഡ് പ്രവർത്തനം ഇപ്പോൾ നല്ല നിലയിൽ നടന്നു വരുന്നത് എന്ന കാര്യവും അദ്ദേഹം എടുത്തു പറഞ്ഞു. വളരെ ആത്മാർത്ഥതയോടെ ജോലി ചെയ്യുന്ന ഇവരുടെ മനോവീര്യം കെടുത്തുന്ന നടപടികളാണ് ചിലർ സ്വീകരിച്ചുവരുന്നത് എന്ന കാര്യം വളരെ വേദനാജനകമാണ്.

ഈ ഭരണസമിതി അധികാരമേൽക്കുമ്പോൾ കയർഫെഡിന്റെ സഞ്ചിത നഷ്ടം 92.32 കോടി രൂപയായിരുന്നു. ഈ ഭരണസമിതി അഞ്ച് വർഷം പിന്നിടുമ്പോൾ കേവലം 75,000 രൂപയുടെ സഞ്ചിത നഷ്ടം മാത്രമാണ് ഉണ്ടായിട്ടുള്ളത്. ഇതിനെയാണോ ചില മാധ്യമങ്ങളുടെ സഹായത്തോടെ ഇത്രയേറെ കൊട്ടിഘോഷിക്കുന്നത് എന്നും അദ്ദേഹം എടുത്തു ചോദിച്ചു. 2000-2001 വരെയുള്ള കയർഫെഡിന്റെ സഞ്ചിത നഷ്ടം 7.68 കോടി രൂപയാണ്. അത് 2015-16 വരെ ആയപ്പോൾ 84.64 കോടി രൂപ കൂടിചേർത്ത് ആകെ 92.32 കോടി രൂപയുടെ നഷ്ടമുണ്ടാക്കി. ഇതിന് ആരാണ് ഉത്തരവാദി എന്ന് കൂടി സഹകാരി സമൂഹവും കയർഫെഡിനെതിരെ വ്യാജവാർത്ത സൃഷ്ടിക്കുന്നവരും മനസ്സിലാക്കണമെന്നും കയർഫെഡ് പ്രസിഡന്റ് പറഞ്ഞു.

കേവലം 75000 രൂപ നഷ്ടം ഉണ്ടാക്കിയതാണോ 84.64 കോടി രൂപ നഷ്ടം ഉണ്ടാക്കിയതാണോ വിമർശിക്കപ്പെടേണ്ടത് എന്ന വസ്തുതയും അദ്ദേഹം ഉന്നയിച്ചു സത്യവിരുദ്ധവും വസ്തുതാവിരുദ്ധവുമായ ആരോപണങ്ങളെ കണക്കുകളും വസ്തുതകളും നിരത്തിക്കൊണ്ട് ഇത്തരം പ്രചാരണങ്ങളെ തുറന്നുകാട്ടുവാൻ ഈ വേദി ഉപയോഗിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു

ഈ ഭരണസമിതി അധികാരം ഏൽക്കുമ്പോൾ സംസ്ഥാന സഹകരണ ബാങ്കിൽ കയർഫെഡിനുണ്ടായിരുന്ന ബാദ്ധ്യത 22.50 കോടി രൂപയുടെ പേരിൽ ജപ്തി നടപടികൾ നേരിടുകയായിരുന്നു. ഒന്നാം പിണറായി സർക്കാരിൽ കയർ വകുപ്പിന്റെ കൂടി ചുമതല ഉണ്ടായിരുന്ന ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന്റെ സഹായത്തോടുകൂടി സ്പെഷ്യൽ ഫണ്ട് അനുവദിച്ചത് ജപ്തി നടപടികൾ ഒഴിവാക്കുകയും കയർഫെഡ് കടങ്ങൾ സർക്കാർ ഖജനാവിൽ നിന്നും തുക നൽകി സെറ്റിൽ ചെയ്യുകയും ഉണ്ടായി. പിന്നീട് പല പ്രാവശ്യം വായ്പകൾ എടുക്കുവാൻ ആവശ്യം ഉയർന്നെങ്കിലും ഈ ഭരണസമിതി യാതൊരുവിധ പണയ വായ്പകളും എടുത്തിട്ടില്ല. കയർഫെഡിന് നിലവിൽ വസ്തുവകകളുടെ ജാമ്യത്തിൽ ഒരു ധനകാര്യ സ്ഥാപനത്തിലും ബാദ്ധ്യതകൾ ഇല്ലെന്നുള്ള കാര്യവും സഹകാരികളുടെ മുമ്പിൽ അഭിമാനപുരസരം പറയുവാൻ ഈ ഭരണസമിതിയ്ക്ക് കഴിയുമെന്നും പ്രസിഡന്റ് പറഞ്ഞു.

കയറിന്റെയും കയർ ഉത്പന്നങ്ങളുടെയും ചകിരിയുടെയും വില സ്ഥിരതയ്ക്കുവേണ്ടി വില വ്യതിയാനം പരിഹരിക്കുന്നതിനും പ്രസ്തുത ഉത്പന്നങ്ങൾ വിറ്റഴിക്കുമ്പോൾ കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുവേണ്ടിയാണ് ഒന്നാം പിണറായി സർക്കാർ വിലവ്യതിയാന ഫണ്ടിൽ നിന്നും ഈ സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിച്ചു നൽകി വരുന്നത്. വിവിധയിനം കയറിന് ഡിമാന്റ് വ്യത്യാസം അനുസരിച്ച് വിവിധ ഡിസ്കൗണ്ടുകൾ അനുവദിച്ചാൽ മാത്രമേ വിപണനം സാധ്യമാകുകയുള്ളു. സർക്കാർ രൂപീകരിച്ചിട്ടുള്ള, കയർ വികസന ഡയറക്ടർ അദ്ധ്യക്ഷനായ പ്രൈസ് ഫ്ളക്ചുവേഷൻ കമ്മറ്റി കാലാകാലങ്ങളിൽ അനുവദിക്കുന്ന ഡിസ്കൗണ്ട് നൽകിയാണ് കയർഫെഡ് കയർ വിൽപ്പന നടത്തുന്നത്. കയർ വിൽപ്പന ലാഭമില്ലാതെയാണ് നടത്തുന്നത്. സർക്കാർ പ്രസ്തുത ഡിസ്കൗണ്ട് തുക അനുവദിച്ചു നൽകുന്നതു വഴി മാത്രമേ കയർ സംഭരിച്ച് വിപണനം നടത്തുവാൻ കഴിയുകയുള്ളു. എന്നാൽ 2011-16 വരെയുള്ള അഞ്ചു വർഷക്കാലത്ത് ഈയിനത്തിൽ ഒരു രൂപപോലും അന്നത്തെ സർക്കാർ അനുവദിച്ചു നൽകിയിട്ടില്ല. ഈ ഭരണസമിതിയുടെ കാലത്ത് 2016-17 മുതൽ 2021-22 വരെ ആകെ 118.15.കോടി രൂപയാണ് ഈയിനത്തിൽ സർക്കാരിൽ നിന്നും ലഭിച്ചത്. ഇങ്ങനെ തുക ലഭിച്ചതുകൊണ്ടാണ് ഫെബ്രുവരി വരെയുള്ള കയർ വില കുടിശികയില്ലാതെ നൽകാൻ കഴിഞ്ഞത്.

കേരളത്തിലെ കയർ വ്യവസായം സ്വയം മുന്നോട്ടു പോകുന്നതിന് കടുത്ത വെല്ലുവിളിയാണ് അന്യ സംസ്ഥാനത്ത് നിന്ന് ഇപ്പോൾ നേരിടുന്നത്. ഇവിടെ ലഭിക്കുന്നതിനേക്കാൾ വിലകുറച്ച് ഗുണനിലവാരമുള്ള കയർ തമിഴ്നാട്ടിൽ നിന്നും ലഭിക്കുന്നു. തമിഴ്നാട്ടിൽ നിന്നും വിലകുറഞ്ഞ യന്ത്രകയർ 33 രൂപയ്ക്ക് ആലപ്പുഴയിൽ എത്തുകയാണ്. ഇതുമൂലം കേരളത്തിലെ കയർ വിപണനം കുറയുകയാണ്. തമിഴ്നാട്ടിൽ ഒരു കിലോഗ്രാം പിത്തിന് 30 രൂപയോളം വിലയാണ് ലഭിക്കുന്നത്. കേരളത്തിൽ പിത്തിന് അഞ്ച് രൂപയും. തമിഴ്നാട്ടിൽ പിത്തിന് വേണ്ടിയാണ് ചകിരി മില്ലുകൾ പ്രവർത്തിക്കുന്നത്. അവിടെ ചകിരി, പിത്തിന്റെ ഉപോത്പ്പന്നമായി മാറുകയാണ്. ഒരു കിലോഗ്രാം ചകിരി ഉത്പാദിപ്പിക്കുമ്പോൾ രണ്ടര കിലോഗ്രാം പിത്ത് ലഭിക്കും. ഇതുമൂലം കയറും ചകിരിയും വിലകുറച്ചു നൽകുവാൻ തമിഴ്നാടിന് കഴിയുന്നു. തമിഴ്നാട്ടിൽ നിന്നുള്ള ചകിരിയുടെ വില 16 രൂപയായി താഴ്ന്നു. 23 രൂപ ചകിരി വില കണക്കാക്കിയാണ് കയറിന്റെ വില തീരുമാനിച്ചിട്ടുള്ളത്. ആയതിനാൽ കയറിന്റെ ഉത്പാദന ചെലവ് അടിസ്ഥാനപ്പെടുത്തി കയറിന്റെ വില കുറച്ചുകൊണ്ടു വന്നാൽ മാത്രമേ അന്യസംസ്ഥാനത്തു നിന്നുള്ള വിലകുറഞ്ഞ കയറിന്റെ വരവ് മൂലമുള്ള പ്രതിസന്ധി നേരിടുവാൻ കഴിയുകയുള്ളുവെന്നും അതിന് എല്ലാ കയർ സംഘം ഭാരവാഹികളും സഹകാരികളും സഹകരിക്കണമെന്നും കയർഫെഡ് പ്രസിഡന്റ് അഭ്യർത്ഥിച്ചു.

എല്ലാ സങ്കുചിതമായ അഭിപ്രായ വ്യത്യാസങ്ങളും മാറ്റിവെച്ചുകൊണ്ട് നമുക്ക് ഒരു ദൗത്യസേനാംഗങ്ങളെപോലെ നിന്നുകൊണ്ട് സംഘങ്ങളെയും തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ഒരുമിച്ച് പ്രവർത്തിക്കുന്ന സാഹചര്യം ഈ പൊതുയോഗത്തിൽ ഉരുത്തിരിഞ്ഞു വരണമെന്നും എങ്കിൽ മാത്രമേ അന്യസംസ്ഥാനത്തു നിന്നും നമ്മുടെ വ്യവസായം നേരിടുന്ന പ്രതിസന്ധിയും വെല്ലുവിളികളും പ്രതിരോധിക്കാൻ കഴിയുകയുള്ളൂ എന്നും ആയതിന് ഏവരുടെയും സഹായ സഹകരണങ്ങളും അദ്ദേഹം അഭ്യർത്ഥിച്ചു.

# പുതിയ കാലത്തിന് പുതിയ വിപണനരീതി: വി.ആർ. വിനോദ് ഐ.എ.എസ്.




*ആലപ്പുഴയിൽ ചേർന്ന കയർഫെഡിന്റെ 29-ാമത് വാർഷിക പൊതുയോഗത്തിൽ കയർ വികസന ഡയറക്ടർ വി.ആർ.വിനോദ് ഐ.എ.എസ് സംസാരിക്കുന്നു.*

കാലത്തിന്റെ മാറ്റത്തിനനുസരിച്ച് കയറിന്റെയും ഉത്പന്നങ്ങളുടെയും വിപണന രീതിയും മാറേണ്ടതുണ്ടെന്നും ഗുണനിലവാരം ഉറപ്പുവരുത്തണമെന്നും കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ് പറഞ്ഞു. കയർഫെഡ് വാർഷിക പൊതുയോഗത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കയർ വികസന ഡയറക്ടറുടെ ചുമതലയ്ക്കു പുറമേ സംസ്ഥാന ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ ചുമതലയുടെയും തിരക്കുകൾക്കിടയിലും കയർഫെഡിന്റെ മാനേജിംഗ് ഡയറക്ടർ എന്ന നിലയിലുള്ള ചുമതലകൾ നിർവഹിക്കുന്നതിനും പരമാവധി ശ്രമിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

കയർഫെഡിൽ കയർ കെട്ടികിടക്കുന്ന അവസ്ഥയുണ്ട്. കയർ വിപണനത്തിനായി കയർ ഭൂവസ്ത്രവിതാന പദ്ധതിയിൽ കയർ വികസന വകുപ്പ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയുണ്ടായി. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള കയർഫെഡിന്റെ ഷോറൂമുകൾ വഴിയുള്ള വിപണനം കൂടുതൽ മെച്ചപ്പെടേണ്ടതാണ്. എല്ലാ കച്ചവട സ്ഥാപനങ്ങളിലും മാളുകളിലും കയർഫെഡിന്റെ ഉത്പന്നങ്ങൾ എത്തിക്കണം. പ്രകൃതി സൗഹൃദ ഉത്പന്നങ്ങൾ ഉപഭോക്താക്കളുടെ കൈകളിലേയ്ക്ക് എത്തിക്കുന്നതിനുള്ള പരിശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്. യന്ത്രവൽകൃത കയറിന്റെ ഗുണനിലവാരത്തിൽ ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അതെല്ലാം മെച്ചപ്പെടുത്തി വരികയാണ്. കയർ ഭൂവസ്ത്രവിപണനത്തിന് അന്യസംസ്ഥാനത്തെ മന്ത്രിമാരുമായി സംസാരിച്ച് അവിടെ കയർ ഭൂവസ്ത്രത്തിന് കൂടുതൽ മാർക്കറ്റ് കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കയർ വികസന വകുപ്പ് ആലോചിച്ചുവരികയാണ് എന്ന് ഡയറക്ടർ പറഞ്ഞു.

ബഹു. വ്യവസായ-കയർ മന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിയുമായി ചർച്ച ചെയ്ത് റെയിൽവേ ലൈനിന്റെ പാർശ്വഭിത്തികളിൽ കയർ ഭൂവസ്ത്രം വിനിയോഗിക്കുന്നതിനുള്ള പദ്ധതിയും പരിഗണനയിലുണ്ട്. ഈ വർഷം 121 കോടി രൂപയുടെ കയർ ഭൂവസ്ത്രവിതരണത്തിനാണ് പഞ്ചായത്തുകളുമായി ധാരണയായിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇതുവേണ്ട രീതിയിൽ വിനിയോഗിക്കുവാൻ കഴിഞ്ഞില്ല. തുടർന്ന് കയർ വികസന വകുപ്പ് എല്ലാ ജില്ലകളിലും ഭൂവസ്ത്ര സെമിനാറുകൾ സംഘടിപ്പിച്ചു. തുടർന്ന് കയർ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ എല്ലാ പഞ്ചായത്തുകളും സന്ദർശിച്ച് ഓർഡർ ക്യാൻവാസ് ചെയ്യുന്നതിനുള്ള ക്യാമ്പയിൻ സംഘടിപ്പിച്ചു.

ഇതിന്റെ ഫലമായി 20 കോടിയിലധികം രൂപയുടെ ഓർഡറുകൾ ലഭ്യമാക്കുവാൻ കഴിഞ്ഞു. കയർ ഭൂവസ്ത്ര വിപണനത്തിന് ഇതുവരെ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് പഞ്ചായത്ത് വഴിയുള്ള തൊഴിലുറപ്പ് പദ്ധതിയിലാണ്. തുടർന്ന് കോർപ്പറേഷൻ, മുൻസിപ്പാലിറ്റികൾ എന്നിവയുമായി ബന്ധപ്പെട്ട് കയർ ഭൂവസ്ത്ര വിപണനത്തിനുള്ള സാധ്യതയും വിനിയോഗിച്ചുവരികയാണ്. കയർഫെഡിൽ ജീവനക്കാരുടെ കുറവുള്ളത് പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കയർഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കയർ വികസന വകുപ്പിന്റെ എല്ലാവിധ സഹായവും ഉണ്ടാകുമെന്നും അദ്ദേഹം ഉറപ്പുനൽകി.

# കയർ മേഖലയിലെ പ്രശ്നങ്ങൾ കൂട്ടായി ചർച്ച ചെയ്ത് പരിഹരിക്കണം: ജോഷി എബ്രഹാം

**ച**കിരിയുടെ വിലയിൽ വന്ന വ്യത്യാസം മൂലമുള്ള പ്രശ്നങ്ങൾ എല്ലാവരും കൂട്ടായി ചർച്ചചെയ്ത് പരിഹരിക്കണമെന്ന് കയർഫെഡ് വൈസ് പ്രസിഡന്റ് ജോഷി എബ്രഹാം പറഞ്ഞു. കയറിനും കയർ ഉത്പന്നങ്ങൾക്കും ലോക വിപണിയിൽ വലിയ സാധ്യതകൾ ഉയർന്നു വരികയാണ്. പ്ലാസ്റ്റിക്ക് പോലുള്ള പരിസ്ഥിതിയ്ക്ക് നാശം വിതയ്ക്കുന്ന ഉൽപ്പന്നങ്ങൾക്കുള്ള ബദലായി പ്രകൃതിസൗഹൃദ ഉത്പന്നങ്ങൾക്ക് സ്വീകാര്യത വർദ്ധിച്ചിട്ടുണ്ട്.

നിർമ്മാണമേഖലയിൽ ആഭ്യന്തര വിപണിയിലും കയർ ഉത്പന്നങ്ങൾക്ക് വിപണന സാധ്യത വർദ്ധിച്ചു വരുന്നുണ്ട്. കേരളത്തിലെ കയർ വ്യവസായം പ്രതിസന്ധിയെ അതിജീവിക്കുവാനുള്ള പോരാട്ടത്തിലാണ്. തമിഴ്നാടിന്റെ, കയർ വ്യവസായത്തിലേയ്ക്കുള്ള കടന്നുകയറ്റത്തെ പ്രതിരോധിക്കുവാൻ നമുക്ക് കഴിയണം. ചകിരിയുടെ വില താഴോട്ടു വന്നിരിക്കുകയാണ്. 23 രൂപ ചകിരി വിലയടിസ്ഥാനപ്പെടുത്തിയാണ് കയറിനും കയറുത്പന്നങ്ങൾക്കും വില നിശ്ചയിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ എല്ലാവരും ഐക്യത്തോടുകൂടി പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.




# ഭൂതകാലത്തിന്റെ നന്മയെ മുറുകെ പിടിച്ചു കരുത്തോടെ മുന്നേറണം: എസ്.എൽ. സജികുമാർ

**ഭൂ**തകാലത്തിന്റെ നന്മയെ മുറുകെ പിടിച്ചുക്കൊണ്ട് വർത്തമാനക്കാലത്തിന്റെ കരുത്തിൽ, നാം നേരിടുന്ന സമീപകാല വെല്ലുവിളികളെ അതിജീവിക്കണമെന്ന് കയർഫെഡ് മുൻപ്രസിഡന്റും എക്സിക്യൂട്ടീവ് കമ്മറ്റിയംഗവുമായ എസ്.എൽ. സജികുമാർ പറഞ്ഞു. കയർഫെഡ് വാർഷിക പൊതുയോഗത്തെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കയർ വ്യവസായം ഇപ്പോഴത്തെ പ്രതിസന്ധിയും അതിജീവിക്കും. ഈ വ്യവസായത്തിന് വലിയ ഒരു ഭാവിയുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇതിനായി എല്ലാവരും കൂട്ടായി പരിശ്രമിക്കേണ്ടത് അനിവാര്യമാണ്. ഈ വ്യവസായത്തിൽ പണിയെടുക്കുന്ന ആയിരക്കണക്കിന് തൊഴിലാളികളെ ഓർത്ത് അനാവശ്യമായ തർക്കങ്ങൾ അവസാനിപ്പിച്ച് ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ട സമയമാണിതെന്ന് ഓർക്കണം. കടൽകടന്നു പോകുന്ന വ്യവസായത്തെ തിരിച്ചുപിടിക്കണം. മുന്നിലുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വ്യവസായത്തെ മുന്നോട്ടുകൊണ്ടുപോകുവാൻ ഏവരുടെയും സഹകരണം ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.



# കയർ സംഘങ്ങൾക്ക് പരാതിയില്ലാത്ത കാലം: വി.എസ്. മണി

**ക**യർ സഹകരണ സംഘങ്ങൾക്ക് ഒരു പരാതിയും ബോർഡു മുമ്പാകെ കൊണ്ടുവരേണ്ട സാഹചര്യം സൃഷ്ടിക്കാത്ത ആറു വർഷങ്ങളാണ് കടന്നു പോയതെന്ന് കയർഫെഡ് എക്സിക്യൂട്ടീവ് കമ്മറ്റിയംഗം വി. എസ്. മണി പറഞ്ഞു. കയർഫെഡ് വാർഷിക പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അവരുടെ ചെറിയ പരാതികൾ വരെ താഴെ തട്ടിൽ തന്നെ പരിഹരിക്കുവാൻ കഴിഞ്ഞു. ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുകയെന്നതാണ് പരമപ്ര



ധാനമായ കാര്യം കയർഫെഡിന്റെ ഭരണസമിതി നല്ല നിലയിലാണ് പ്രവർത്തിച്ചുവരുന്നത്. കയർഫെഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങളെ എല്ലാം ഒന്നായി കണ്ടാണ് കയർഫെഡ് ഭരണസമിതി പ്രവർത്തിക്കുന്നത്. മുൻഭരണസമിതികൾ തുടർന്നുവന്നിരുന്ന തെറ്റായ വശങ്ങൾപോലും പരിഹരിക്കാനാണ് ഈ ഭരണസമിതി ശ്രമിച്ചിട്ടുള്ളത്. നിലവിലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ട് കയർപിരി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും കയർ മേഖലയുടെ വളർച്ചയ്ക്കായി എല്ലാവരും ഒത്തൊരുമിച്ച് സഹകരിച്ച് പ്രവർത്തിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

കയർഫെഡിന്റെ 2020-21 വർഷത്തെ റിപ്പോർട്ടും കണക്കും, 2017-18 വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റും ന്യൂനതപരിഹാര റിപ്പോർട്ടും, 2022-23 വർഷത്തെ ബഡ്ജറ്റ് മുതലായ വിഷയങ്ങളും വാർഷിക യോഗം അംഗീകരിച്ചു. കയർഫെഡ് ഡയറക്ടർ ബോർഡ് അംഗം എ .പ്രേമൻ, ജനറൽ മാനേജർ ബി. സുനിൽ, പേഴ്സണൽ മാനേജർ ഡി. സജീവ് തുടങ്ങിയവരും സംസാരിച്ചു.

# വാർഷിക പൊതുയോഗം അംഗീകരിച്ച പ്രമേയങ്ങൾ

കയർഫെഡിന്റെ ആലപ്പുഴ ഷോറൂം സ്ഥിതിചെയ്യുന്ന കണ്ണൻവർക്കി പാലത്തിനു സമീപമുള്ള കെട്ടിട പരിസരത്ത് ഒരു ഇലക്ട്രിക്കൽ വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷൻ സർക്കാർ സ്ഥാപനമായ അനേർട്ടുമായി ചേർന്ന് ഡിപ്പോസിറ്റ് വർക്ക് ടൈംസിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചു.

കയർഫെഡിന്റെ ആലപ്പുഴ റീജിയണൽ ആഫീസിന്റെ വടക്കുപടിഞ്ഞാറ് ഭാഗത്തുള്ള പഴയ മധുരക്കോട്ട് കെട്ടിടം 12,000 സ്കയർ ഫീറ്റ് ഏരിയ വരുന്ന കെട്ടിട സമുച്ചയം നവീകരണ ജോലികൾക്കായി ഇൻകെൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിനു വിട്ടു നൽകുന്നതിനു തീരുമാനിച്ചിരുന്നു. നവീകരണ ജോലി പൂർത്തിയാക്കിയതിനു ശേഷം 5,500 സ്കയർ ഫീറ്റോളം ഏരിയ വരുന്ന ഇരുനില കെട്ടിടം മാത്രം ഗാന്ധി മ്യൂസിയം പദ്ധതിയ്ക്കായി 09.11.2021 തീയതിയിൽ കയർ വികസന ഡയറക്ടറുടെ ചേമ്പറിൽ കയർ വികസന ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം വിട്ടുനൽകുന്നതിനു അനുവാദം നൽകി തീരുമാനിച്ചു.

# അനുശോചന പ്രമേയങ്ങൾ






*കയർഫെഡ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം എം. പുഷ്ക്കരൻ, ഡയറക്ടർ ബോർഡ് അംഗം രമ മദനൻ എന്നിവർ അനുശോചന പ്രമേയം അവതരിപ്പിക്കുന്നു.*

**ക**യർഫെഡ് ഡയറക്ടർ ബോർഡ് അംഗമായിരുന്ന പി.കെ. അപ്പുക്കുട്ടന്റെ അകാല നിര്യാണത്തിൽ 29-മത് വാർഷിക പൊതുയോഗം അത്യഗാധമായ അനുശോചനം രേഖപ്പെടുത്തി.

കേരളത്തിന്റെ വിപ്ലവ വനിതയും കേരള സംസ്ഥാനത്തെ ആദ്യ മന്ത്രിസഭാംഗവും മുൻ വ്യവസായ കയർ വകുപ്പുകളുടെ ചുമതലയും നിർവഹിച്ചിരുന്ന കെ.ആർ. ഗൗരിയമ്മ, ഇന്ത്യയുടെ ആദ്യ സംയുക്ത സേനാ മേധാവി ജനറൽ ബിപിൻ റാവത്ത്, മുൻ മന്ത്രി ആർ. ബാലകൃഷ്ണപിള്ള, ഇന്ത്യയുടെ വാനമ്പാടി ലതാ മങ്കേഷ്കർ, മലങ്കര സഭയുടെ ആത്മീയ ആചാര്യൻ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പൊലീത്ത, ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതിയൻ, ശിവഗിരി മുൻ മഠാധിപതി സ്വാമി പ്രകാശാനന്ദ, ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് സംസ്ഥാന അധ്യക്ഷനും ആത്മീയ നേതാവുമായ പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ, മുൻ കേന്ദ്രമന്ത്രി ഭൂട്ടാ സിംഗ്, മുൻ കേരള ഗവർണർ ആർ.എൽ. ഭാട്ടിയ, തൃക്കാക്കര എം.എൽ.എ.യും ഇടുക്കി മുൻ എം.പി.യും ആയിരുന്ന പി.ടി. തോമസ്, മുൻ മന്ത്രി കെ.കെ. രാമചന്ദ്രൻ മാസ്റ്റർ, മുൻ എം.പി സ്കറിയാ തോമസ്, ഭൗതിക ശാസ്ത്രജ്ഞൻ താണുപത്മനാഭൻ, ചിപകോ പ്രസ്ഥാനത്തിന്റെ നേതാവ് സുന്ദർലാൽ ബഹുഗുണ, പറക്കും സിംഗ് എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന കായികതാരം മിൽഖ സിംഗ്, ചരിത്രകാരൻ കെ.എം. ചുമ്മാർ, പുരോഹിതനും ഗോത്രാവകാശ പ്രവർത്തകനുമായ സ്റ്റാൻ സ്വാമി.

കോവിഡ് മഹാമാരി മൂലം മരണമടഞ്ഞവർ, കയർഫെഡ് ജീവനക്കാരായ വി. അജിതകുമാരി, പി.കെ. സിനോജ്, കയർ വ്യവസായ മേഖലയിലും സഹകരണരംഗത്തും പ്രവർത്തിച്ചിരുന്ന തൊഴിലാളികൾ,

*(ശേഷം പേജ് 25)*

# ബജറ്റ് 2022



നവകേരള നിർമിതിക്ക് ഊന്നൽ നൽകുന്നതാണ് രണ്ടാം പിണറായി സർക്കാരിനുവേണ്ടി ധനമന്ത്രി കെ.എൻ. ബാലഗോപാൽ അവതരിപ്പിച്ച 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും വിദ്യാഭ്യാസം, ഐടി, കാർഷിക മേഖലകളിൽ പുതിയ പദ്ധതികൾ വിഭാവനം ചെയ്യുന്ന ബജറ്റിലൂടെ കേരളത്തിൻെറ സമഗ്ര വികസനമാണ് ലക്ഷ്യം വെയ്ക്കുന്നത്.

2022-23ൽ 1.34 ലക്ഷം കോടി രൂപ വരവും 1.57 ലക്ഷം കോടി രൂപ ചെലവും സർക്കാർ പ്രതീക്ഷിക്കുന്നു. മൂലധന ചെലവ് 14,891 കോടി രൂപയായിരിക്കും. റവന്യൂ കമ്മി ജി.എസ്.ഡി.പി.യുടെ 2.3%, ധനക്കമ്മി 3.9%, പൊതുകടം 37.18% എന്നിങ്ങനെയാണ്. തൊഴിലില്ലായ്മ പരിഹരിക്കാൻ പുതിയ മേഖലകളിൽ സാധ്യതകൾ തുറന്നും നികുതി വരുമാന മാർഗങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിയുമാണ് 2022-23 വർഷത്തെ സംസ്ഥാന ബജറ്റ് തയ്യാറാക്കിയത്. ഐടി, സ്റ്റാർട്ടപ്, കാർഷിക മേഖല, ഉന്നത വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യമേഖല തുടങ്ങിയ വിഭാഗങ്ങളിൽ പുതിയ പദ്ധതികളിലൂടെ പരമാവധി തൊഴിലവസരം വർധിപ്പിക്കുന്നതിനാണ് ബജറ്റിൽ ഊന്നൽ നൽകിയിരിക്കുന്നത്. ഒരു ലക്ഷം പുതിയ തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുമെന്നും സ്വകാര്യ വ്യവസായ പാർക്കുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി 25 കോടി നീക്കിവെക്കും എന്നും ബജറ്റ് പ്രഖ്യാപിക്കുന്നു.



ഏറെക്കാലത്തിനുശേഷമാണ് ഭൂനികുതി വർധിപ്പിക്കുന്നത്. നികുതി കുടിശികൾക്കുള്ള ആംനസ്റ്റി പദ്ധതി മാറ്റങ്ങളോടെ നിലനിർത്തി. അടിസ്ഥാന ഭൂനികുതി പരിഷ്കരിച്ചും എല്ലാ വിഭാഗങ്ങളിലുമുള്ള ഭൂമിയുടെ ന്യായവിലയിൽ 10% ഒറ്റത്തവണ വർധന നടപ്പിലാക്കിയും നികുതി വരുമാനം വർധിപ്പിക്കാനാണ് ശ്രമം. വിലക്കയറ്റം അതിജീവിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമായി 2000 കോടി രൂപയാണ് ബജറ്റിൽ നീക്കിവച്ചിരിയ്ക്കുന്നത്. സിൽവർലൈൻ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി 2000 കോടി രൂപ ബജറ്റിൽ നീക്കിവച്ചു. ഉന്നതവിദ്യാഭ്യാസ രംഗത്ത് സർവകലാശാലകളുടെ സമഗ്രമായ മാറ്റത്തിനുതകുന്ന പദ്ധതികൾ ബജറ്റിലുണ്ട്. നാല് ഐടി ഇടനാഴികളാണ് ശ്രദ്ധേയമായ മറ്റൊരു പ്രഖ്യാപനം. എറണാകുളത്തുനിന്ന് കൊരട്ടിയിലേക്ക്, എറണാകുളത്തുനിന്ന് ചേർത്തലയിലേക്ക്,കോഴിക്കോടുനിന്ന് കണ്ണൂരിലേക്കുമാണ് ഇടനാഴികൾ. 20 ചെറിയ സാറ്റലൈറ്റ് ഐടി പാർക്കുകൾ വരുമ്പോൾ തൊഴിൽ അവസരങ്ങൾ 2 ലക്ഷമെങ്കിലുമായി വർധിക്കുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. ഐടി മേഖലയിൽ ഭൂമി ഏറ്റെടുക്കുന്നതിന് 1000 കോടിരൂപയാണ് വകയിരുത്തിയത്.

കൃഷിക്കും മൂല്യവർധിത ഉത്പന്നങ്ങൾക്കും പ്രാധാന്യം നൽകിയുള്ള നിർദേശങ്ങൾ ബജറ്റിൽ ഇടംപിടിച്ചു. വീര്യം കുറഞ്ഞ മദ്യം പഴവർഗങ്ങളിൽ നിന്ന് ഉൽപ്പാദിപ്പിക്കുമെന്ന പ്രഖ്യാപനവുമുണ്ടായി. കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനും സൗകര്യമുള്ള ഫുഡ് പാർക്കുകളുടെ പ്രഖ്യാപനം കാർഷിക മേഖലയ്ക്കു പ്രതീക്ഷ നൽകുന്നു. മൂല്യവർധിത ഉത്പന്നങ്ങളുടെ മാർക്കറ്റിംഗിനായി കമ്പനി രൂപീകരണം പുതിയ ചുവടുവയ്പ്പാണ്. റബർ സബ്സിഡിക്ക് 500 കോടിമാറ്റിവച്ചത് മേഖലയ്ക്ക് ആശ്വാസമാകും. നെല്ലിന്റെ താങ്ങുവില ഉയർത്താനും സർക്കാർ തയാറായി. പട്ടികജാതി പട്ടികക്ഷേമത്തിനു കൂടുതൽ പ്രാധാന്യം ഇത്തവണ ലഭിച്ചു. ഇപ്പോൾ കിഫ്ബി ഏറ്റെടുത്തിരിക്കുന്നത് 70,000 കോടിരൂപയുടെ പദ്ധതികളാണ്. ജി.എസ്.ടി. വരുമാനം വർധിക്കുന്നത് സർക്കാരിനു പ്രതീക്ഷ നൽകുന്നു.

# ബജറ്റ് പ്രഖ്യാപനങ്ങൾ ഒറ്റനോട്ടത്തിൽ

● യുക്രെയ്ൻ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ലോകസമാധാന സമ്മേളനം സംഘടപ്പിക്കും. ആഗോള വിദഗ്ധരുടെ ചർച്ചകൾക്കും സെമിനാറുകൾക്കും മറ്റുമായി രണ്ട് കോടി രൂപ വകയിരുത്തി.

● 2022–23-ൽ സംസ്ഥാനം കൂടുതൽ മുൻഗണന നൽകണ്ട വിഷയമാണ് വിലക്കയറ്റം. വിലക്കയറ്റത്തിനും ഭക്ഷ്യപ്രതിസന്ധി നേരിടുന്നതിനുമായി 2,000 കോടി രൂപ വകയിരുത്തി.

● ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിവിധ സർവകലാശാലകൾക്ക് 20 കോടി രൂപ വീതം മൊത്തം 200 കോടി രൂപ വക ഇരുത്തി. സർവകലാശാലകളോട് അനുബന്ധിച്ച് പുതിയ ട്രാൻസ്‌ലേഷണൽ ലാബുകൾ, സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെൻററുകൾ എന്നിവ സ്ഥാപിക്കും.

● 1500 പുതിയ ഹോസ്റ്റൽ മുറികൾ സ്ഥാപിക്കും ഇത് കൂടാതെ 250 ഹോസ്റ്റൽ ഇന്റർനാഷണൽ ഹോസ്റ്റൽ മുറികളും നിർമിക്കുന്നതാണ് ഇതിനായി 200 കോടി രൂപ വക ഇരുത്തി.

● നൈപുണ്യ വികസനത്തിനായി എല്ലാ ജില്ലകളിലും ജില്ലാ സ്കിൽ പാർക്കുകൾ. 10 മുതൽ 15 ഏക്കർ വരെ ഭൂമി ഏറ്റെടുക്കും. ഇതിനായി കിഫ്ബി വഴി 350 കോടി രൂപ വക ഇരുത്തി.

● വിദ്യാഭ്യാസ സ്ഥാപനങ്ങളോട് അനുബന്ധിച്ച് ഉത്പാദന കേന്ദ്രങ്ങൾ വികസിപ്പിക്കും. 140 കോടി രൂപ വക ഇരുത്തി.

● കയർ മേഖലയ്ക്ക് 117 കോടി

● തിരുവനന്തപുരത്ത് മെഡിക്കൽ ഇന്നവേഷൻ പാർക്ക് സ്ഥാപിക്കും. ഇതിനായി 100 കോടി രൂപ വക ഇരുത്തി.

● മൈക്രോബയോളജി മേഖലയിൽ അഞ്ച് കോടി രൂപ. ന്യൂട്രാസ്യൂട്ടിക്കൽസ് രംഗത്ത് പുതിയ പദ്ധതിക്കായി വിദഗ്ധ സമിതി രൂപീകരിക്കും.

●കെഫോൺ,5ജിപദ്ധതികൾക്കായിഉന്നതതലസമിതി. ഐടി ഇടനാഴികളിൽ 5ജി വിപുലീകരണ പാക്കേജ് ആരംഭിക്കും. നാല് ഐടി ഇടനാഴികൾ സംസ്ഥാനത്ത് ആരംഭിക്കും.

● കണ്ണൂരിൽ ഉൾപ്പെടെ പുതിയ ഐടി പാർക്ക്. 11 മുതൽ 25 ഏക്കർ വരെ ഏറ്റെടുത്താണ് പുതിയ സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ. ഇതിന് 1,000 കോടി രൂപ വക ഇരുത്തി. ഐടി പാർക്കുകൾ രണ്ട് ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

● വർക്ക് ഫ്രം ഹോം പദ്ധതി തുടരാൻ സാധ്യതയുള്ളതിനാൽ ഐടി അധിഷ്ഠിത സൗകര്യങ്ങൾ ഉള്ള തൊഴിൽ കേന്ദ്രങ്ങൾ തുടങ്ങും. ഇതിനായി 50 കോടി രൂപ

● ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾക്കായി 200 കോടി രൂപ

● 1000 കോടി രൂപ മുതൽ മുടക്കിൽ നാല് സയൻസ് പാർക്കുകൾ. ഇത് കൂടാതെ ഡിജിറ്റൽ സയൻസ് പാർക്കും സ്ഥാപിക്കും. കേരള സയൻസ് പാർക്ക് ലിമിറ്റഡ് എന്ന പേരിൽ പ്രത്യേക പദ്ധതി.

● 3 ഐടി പാർക്കുകളുടെ വികസനത്തിന് അധിക തുക.

● സ്റ്റാർട്ടപ്പ് മിഷന് 90 കോടി രൂപ. സ്റ്റാർട്ടപ്പ് ഉത്പന്നങ്ങൾ വാങ്ങുന്നതിനായി പുതിയ പോർട്ടൽ രൂപീകരിക്കും. ഫണ്ട് ഓഫ് ഫണ്ട് പദ്ധതിക്കായി 20 കോടി രൂപ. സ്റ്റാർട്ടപ്പുകൾക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കാൻ പുതിയ വായ്പാ പദ്ധതി.

● കാർഷികാധിഷ്ഠിത ഉത്പന്നങ്ങൾ വികസിപ്പിക്കാൻ പദ്ധതി. അനുമതികൾ വേഗത്തിലാക്കും. സബ്സിഡിയും പലിശ രഹിത വായ്പയും വേഗത്തിലാക്കും. പഴവർഗങ്ങൾ ഉപയോഗിച്ച് എഥനോൾ നിർമിച്ച് വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കുന്ന പദ്ധതിക്ക് പ്രോത്സാഹനം നൽകും.

● മരച്ചീനിയിൽ നിന്ന് എഥനോൾ ഉത്പാദിപ്പിക്കാൻ രണ്ട് കോടി രൂപ വക ഇരുത്തി. മൂല്യവർധിത കാർഷിക ഉത്പന്നങ്ങൾക്കായി അഞ്ച് കോടി രൂപ. കാർഷിക വികസനത്തിനായി പുതിയ കമ്പനി.

● ഏഴ് അഗ്രി ടെക് സെൻററുകൾ കൃഷിവകുപ്പിന് കീഴിൽ ആരംഭിക്കും. ഇതിനായി 125 കോടി രൂപയുടെ ധനസഹായം.

● 10 മിനി ഫുഡ് പാർക്കുകൾ തുടങ്ങും. 100 കോടി രൂപ വക ഇരുത്തി

● കാർഷികോത്പന്നങ്ങളുടെ മാർക്കറ്റിങ്ങിനായി പുതിയ കമ്പനി.

● റബർ സബ്സിഡിക്കായി 500 കോടി രൂപ വക ഇരുത്തി. ടാറിങ്ങിന് റബർ കൂടുതലായി ഉപയോഗിക്കും.

● നെൽകൃഷി വികസനത്തിനായി 76 കോടി രൂപ. നെല്ലിൻെറ താങ്ങു വില ഉയർത്തി. 28.50 പൈസയാണ് താങ്ങു വില.

● കാർഷികോത്പന്നങ്ങൾക്കായി ഇക്കോ ഷോപ്പുകളുടെ പുതിയ ശൃംഖല.

● നാളികേര വികസനത്തിന് 79 കോടി രൂപ.

● കാർഷിക ഇൻഷുറൻസിനായി 30 കോടി രൂപ വക ഇരുത്തി.

● കാർഷിക സബ്സിഡി വിതരണം ചെയ്യുന്ന രീതിയിൽ മാറ്റം. പുതിയ പദ്ധതിക്കായി 70 കോടി രൂപ.

● തോട്ടം വിള നിർവചനത്തിൽ മാറ്റം. ഈ രംഗത്ത് സമഗ്ര പരിഷ്കാരങ്ങൾ

● രണ്ടാം കുട്ടനാട് പാക്കേജിന് 104 കോടി രൂപ. നെൽകൃഷി സംരക്ഷിക്കാൻ അധിക തുക. മൊത്തം 200 കോടി രൂപ.

● കേരള ഗ്രാമീൺ ബാങ്കിന് 97 കോടി രൂപ. സിയാലിനായി 200 കോടി രൂപ.

● തീര സംരക്ഷത്തിന് 100 കോടി

● ശബരിമല മാസ്റ്റർ പ്ലാനിന് 30 കോടി രൂപ.

● കുടുംബശ്രീക്ക് 260 കോടി രൂപ വകഇരുത്തി.

● വ്യവസായ മേഖലക്ക് 1226.6 കോടി രൂപ വക ഇരുത്തി. ഇലക്ട്രോണിക് ഹാർഡ്‌വെയർ സംരംഭത്തിനായി 28 കോടി രൂപ. ഒരു കുടുംബം ഒരു സംരംഭം പദ്ധതിക്ക് ഏഴ് കോടി രൂപ.


● ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് 20 കോടി രൂപ.

● പരമ്പരാഗത മേഖലകളിലെ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് ഏഴ് കോടി രൂപ വകയിരുത്തി. കൈത്തറി മേഖലക്ക് 46 കോടി രൂപ. കെഎസ്ഐഡിസിക്ക് 113 കോടി രൂപ വക ഇരുത്തി.

● 100 സ്റ്റാർട്ടപ്പുകൾക്ക് രണ്ട് കോടി രൂപ വീതം കെ.എസ്.ഐ.ഡി.സി. വായ്പ. പലിശ ഇളവോട് കൂടെ വായ്പ ലഭ്യമാക്കും.

● വിവര സാങ്കേതിക മേഖലക്കായി 559 കോടി രൂപ. ഐടി മിഷന് 136 കോടി രൂപ.

● കെ. എസ്.ആർ.ടി.സിക്ക് 1,000 കോടി രൂപ. ജീവനക്കാർക്കായി 30 കോടി രൂപ. ഫ്യൂവൽ സ്റ്റേഷനുകൾക്കും അധിക തുക.



# പരിമിതികൾ മുറിച്ചുകടക്കാനുള്ള പ്രായോഗിക ബജറ്റെന്ന് മുഖ്യമന്ത്രി

പ്രതിസന്ധികളിൽ പകച്ചു നിൽക്കാതെ പരിമിതികൾ എങ്ങനെ മുറിച്ച് കടക്കാമെന്നുള്ള പ്രായോഗിക സമീപനം അടങ്ങുന്ന വികസോനോന്മുഖ കാഴ്ചപ്പാടോടെയുള്ള ബജറ്റാണ് ധനമന്ത്രി നിയമസഭയിൽ അവതരിപ്പിച്ചതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മഹാമാരിക്കാലത്ത് ധനകാര്യ യാഥാസ്ഥിതികത്വം മുഴച്ചു നിൽക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. അതിസമ്പന്നരുടെമേൽ നികുതി ചുമത്തുവാൻ തയാറാകാതെ സാധാരണക്കാരന്റെ മേൽ അധിക നികുതി അടിച്ചേൽപ്പിക്കുന്ന സമീപനമാണ് ദേശിയ തലത്തിൽ അവലംബിക്കുന്നത്. സർച്ചാർജ്ജുകളുടെയും സെസ്സുകളുടെയും രൂപത്തിലാണ് ഇത് നടപ്പിലാക്കുന്നത്. അതുകൊണ്ട് സംസ്ഥാനങ്ങൾക്കുള്ള വിഹിതം ലഭ്യമാകുന്നതുമില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

മഹാമാരിക്ക് പുറമേ യുക്രൈയിനിലെ യുദ്ധവും നമ്മുടെ സഹചര്യങ്ങളെ സങ്കീർണ്ണമാക്കുന്നു. കോവിഡ് മൂന്നാം തരംഗം ഒഴിഞ്ഞിട്ടുണ്ടെങ്കിലും അതിൻറെ സാമ്പത്തിക പ്രത്യാഘാതം ഹ്രസ്വകാലത്തിനപ്പുറം നിലനിൽക്കും. ഫെഡറൽ ഘടനയിലെ പരിമിതമായ അധികാരങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് എത്ര ഫലപ്രദമായി ഒരു സംസ്ഥാന സർക്കാരിന് ഇടപെടാൻ കഴിയും എന്നുകൂടിയാണ് ഈ ബജറ്റിലൂടെ വ്യക്തമാകുന്നത്. പരിസ്ഥിതി സൗഹൃദമായ വികസന പരിപ്രേക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് സാമ്പത്തിക വളർച്ച കൈവരിക്കാനുള്ള വീക്ഷണമാണ് ബജറ്റിലുള്ളത്. പരിസ്ഥിതി ബജറ്റ് പ്രത്യേകം തയാറാക്കാനുള്ള പ്രഖ്യാപനവും സവിശേഷതയുള്ളതാണ്.

നമ്മുടെ സമ്പദ്ഘടന വളർച്ച കൈരിക്കുമ്പോൾ അത് സമഗ്രമായിരിക്കണം എന്ന കാഴ്ച്ചപ്പാട് ബജറ്റിലുടനീളം ഉൾച്ചേർന്നിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗം ഗുണമേന്മയുള്ളതാക്കാനും ശാസ്ത്ര സാങ്കേതിക രംഗത്തെ ഗവേഷണം വിപുലപ്പെടുത്തി വിജ്ഞാന മേഖലയെ ഉത്പാദന രംഗവുമായി ബന്ധപ്പെടുത്താനും വ്യക്തമായ നിർദ്ദേശം ബജറ്റിലുണ്ട്. ഇതിന്റെ ഭാഗമാണ് സയൻസ് പാർക്കുകൾ എന്ന ആശയം. ഭക്ഷ്യ സുരക്ഷയ്ക്ക് പ്രഥമ സ്ഥാനം നൽകുന്നുണ്ട്.



അതിനായി 2000 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കാർഷിക മേഖലയിൽ മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ ഉൽപ്പാദനം, സാങ്കേതിക വിദ്യ നടപ്പാക്കൽ എന്നിവയിലൂടെ ഉത്പാദനക്ഷമതയും കർഷകന്റെ വരുമാനവും വർദ്ധിപ്പിക്കാനുള്ള മാർഗമാണ് ബജറ്റ് പ്രഖ്യപനങ്ങളിൽ ഉള്ളത്. ചെറുകിട വ്യവസായ മേഖലയ്ക്ക് നൽകുന്ന പ്രധാന്യവും തൊഴിൽ നൈപുണ്യ വികസനത്തിന് നൽകിയ ഊന്നലും ബജറ്റിന്റെ സവിഷേതകളാണ്.

പൊതു വിദ്യാഭ്യാസം പൊതുജനാരോഗ്യം, അധികാര വികേന്ദ്രീകരണം, എന്നിവയ്ക്കും അർഹമായ പ്രധാന്യം നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ മിഷൻ പദ്ധതികൾക്കും ബജറ്റിൽ ആവശ്യമായ വകയിരുത്തലുണ്ട്.

സമീപനത്തിന്റെ സമഗ്രതയിലുടെ അടുത്ത കാൽനൂറ്റാണ്ടിൽ കേരളത്തിലെ ജീവിത നിലവാരം വികസിത രാഷ്ട്രങ്ങളിലെ ജീവിത നിലവാരത്തിനൊപ്പം എത്തിക്കണം എന്ന വീക്ഷണം യാഥാർത്ഥ്യമാക്കാനുള്ളള സുപ്രധാന കാൽവെയ്പ്പുകൾ ഈ ബജറ്റിൽ ഉണ്ടായിട്ടുണ്ട്. പ്രതികൂല സാഹര്യങ്ങൾ മിറകടക്കാനുള്ള ദൃഢനിശ്ചയവും ബജറ്റിൽ ഉണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

# നവകേരളത്തിന് ദിശാബോധം പകരുന്ന ബജറ്റ്: മന്ത്രി പി. രാജീവ്



**കെ.**എൻ. ബാലഗോപാലിന്റെ ബജറ്റിനെ പ്രശംസിച്ച് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്. നവകേരളത്തിന് ദിശാബോധം പകരുന്നതാണ് ബജറ്റ് എന്ന് പി. രാജീവ് അഭിപ്രായപ്പെട്ടു. വ്യവസായ വകുപ്പിനെ സംബന്ധിച്ചിടത്തോളം പ്രതീക്ഷക്കൊത്തുയർന്ന ഒരു ബജറ്റ് കൂടിയാണിതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

വകുപ്പിന്റെ അഭിമാന പദ്ധതികളിലൊന്നായ സംരംഭക വർഷം നടപ്പിലാക്കാൻ 120 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു വർഷം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങളും 5 ലക്ഷത്തോളം തൊഴിലവസരങ്ങളും സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നതാണീ പദ്ധതി. ഇതിന് പുറമെ ഫുഡ് പ്രൊസസിംഗ് പാർക്കുകൾ, സ്വകാര്യ വ്യവസായ പാർക്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കും തുക വകയിരുത്തിയിട്ടുണ്ട്.

കേരള ചരിത്രത്തിലെ ആദ്യ കടലാസ് രഹിത ബജറ്റാണ് ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ അവതരിപ്പിച്ചത്. നവകേരളത്തിന് ദിശാബോധം പകരുന്ന, അടുത്ത 25 വർഷത്തെ കാഴ്ചപ്പാട് വിശദീകരിക്കുന്ന ബജറ്റ് കൂടിയായിരുന്നു ഇത്. കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സമഗ്രവും സർവ്വതല സ്പർശിയുമായ ബജറ്റ് അവതരിപ്പിക്കാൻ കഴിഞ്ഞു എന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ നേട്ടമാണ്. വ്യവസായ വകുപ്പിനെ സംബന്ധിച്ചിടത്തോളം പ്രതീക്ഷക്കൊത്തുയർന്ന ഒരു ബജറ്റ് കൂടിയാണിത്. കെ.എസ്.ഐ.ഡി.സി, കിൻഫ്ര, പരമ്പരാഗത വ്യവസായങ്ങൾ, കശുവണ്ടി മേഖല, കയർ മേഖല, ഖാദി, കൈത്തറി തുടങ്ങി എല്ലാ മേഖലകളും പരിഗണിക്കപ്പെട്ടു.

വ്യവസായ മേഖലയുടെ ആകെ ബജറ്റ് വിഹിതം കഴിഞ്ഞ വർഷത്തേതിൽ നിന്ന് വർധിപ്പിച്ച് 1266.66 കോടി രൂപ ആക്കി, മെഡിക്കൽ ഉത്പന്നങ്ങൾ, മൂല്യമേറിയ ഇലക്ട്രോണിക് ഉപകരണങ്ങൾ, കൃഷി മൂല്യവർധിത ഉത്പാദനം, പരിസ്ഥിതി സൗഹൃദ ഗ്രീൻ മൊബിലിറ്റി ടെക് എന്നിവയ്ക്ക് ഊന്നൽ നൽകി, സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ഇലക്ട്രോണിക്സ് ഹാർഡ്വെയർ ടെക്നോളജീസ് ഹബ്ബും ഇലക്ട്രിക് വാഹനഭാഗങ്ങൾ നിർമ്മിക്കുന്നതിനായി ഗ്രീൻ മൊബിലിറ്റി ഹബ്ബും സ്ഥാപിക്കുമെന്ന പ്രഖ്യാപനം ഉൾക്കൊള്ളിച്ചു, ഒരു കുടുംബം ഒരു സംരംഭം പദ്ധതിക്കും ഇന്നവേഷൻ ആക്സിലറേഷൻ പദ്ധതിക്കും 7 കോടി രൂപ വീതവും സ്ടാർട്ടപ്പുകളുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി 6.5 കോടി രൂപയും ബജറ്റിൽ വകയിരുത്തി.

വ്യാവസായിക വളർച്ച ഗണ്യമായി വർധിപ്പിക്കുന്നതിന് ഇന്റസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകളും സ്വകാര്യ വ്യവസായ പാർക്കുകളും സ്ഥാപിക്കാനുള്ള തീരുമാനവും കേരളത്തിന് മുതൽക്കൂട്ടാകും. പരമ്പരാഗത വ്യവസായ മേഖലയ്ക്കും പ്ലാന്റേഷൻ മേഖലയ്ക്കുമുൾപ്പെടെ എല്ലാ മേഖലയിലും സർക്കാരിന്റെ കരുതൽ തെളിയിക്കുന്നതാണ് ബജറ്റ്. പാർപ്പിടം, കാർഷിക മേഖല, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങി എല്ലാ കുടുംബങ്ങളിലെയും ഏതെങ്കിലുമൊരാൾക്ക് സന്തോഷം നൽകാൻ ബജറ്റിന് കഴിയുന്നുണ്ട്. ഒന്നാം പിണറായി സർക്കാരിന്റെ തുടർച്ചയായി വരുന്ന ഈ സർക്കാരിനും അതേ പാത പിന്തുടർന്ന് ജനകീയ ബജറ്റ് അവതരിപ്പിക്കാൻ സാധിച്ചിരിക്കുന്നു എന്നും മന്ത്രി പറഞ്ഞു

# കയർമേഖലയ്ക്ക് കുതിപ്പേകുന്ന ബജറ്റ്: അഡ്വ. എൻ. സായികുമാർ



രണ്ടാം കയർ പുനഃസംഘടന പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കി വരുന്ന ഈയവസരത്തിൽ കയർമേഖലയ്ക്ക് കുതിപ്പേകുന്ന ബജറ്റാണ് ധനമന്ത്രി കെ.എൻ. ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിച്ചതെന്ന് കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ അഭിപ്രായപ്പെട്ടു.

2011-16 കാലഘട്ടത്തിലെ അഞ്ചു വർഷത്തെ ശരാശരി കയറുത്പാദനം 60000-70000 ക്വിന്റലായിരുന്നു. കേരളത്തിലെ കയർ ഉത്പാദനം ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഓരോ കൊല്ലവും ക്രമാനുഗതമായി വർദ്ധിച്ച് 2020-21 ൽ 2,17,906 ക്വിന്റലായി ഉയരുകയുണ്ടായി. രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ യന്ത്രവത്കരണത്തിന്റെയും ആധുനിക വത്കരണത്തിന്റെയും ഫലമായാണ് ഈ നേട്ടം കൈവരിക്കാനായത്.

ഈ അടിത്തറയിൽ നിന്ന് കയർ മേഖല കൂടുതൽ ഉയരത്തിലേക്ക് കുതിക്കാനും കമ്പോളത്തിലെ മത്സരത്തെ അതിജീവിക്കാനും പ്രാപ്തമാക്കുന്നതുമാണ് ഈ വർഷത്തെ ബജറ്റ്.

2022-23 ൽ കയർ മേഖലയ്ക്ക് 117 കോടി രൂപയാണ് നീക്കിവെച്ചിട്ടുള്ളത്. കഴിഞ്ഞ ബജറ്റിലെ 112 കോടി രൂപയിൽ 5 കോടി രൂപ കൂടി വർദ്ധിപ്പിച്ചതായും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇതിൽ 38 കോടി വിലസ്ഥിരതാ ഫണ്ടിനായും നീക്കി വച്ചു. ഫൈബർ ഉത്പന്നങ്ങളിൽ നിന്നുള്ള വില മത്സരത്തെ അതിജീവിച്ച് ഗുണ നിലവാരമുള്ളതും വൈവിധ്യമാർന്നതുമായ ഉത്പന്നങ്ങൾ നിർമ്മിച്ച് ആഗോളതലത്തിലുള്ള ഡിമാന്റ് നിറവേറ്റുവാൻ കഴിയുന്ന തരത്തിൽ കയർ മേഖലയെ പ്രാപ്തമാക്കുമെന്നും ബജറ്റ് ഉറപ്പു നൽകുന്നു. ഈ ലക്ഷ്യം നിറവേറ്റുന്നതിനായി സംസ്ഥാനത്തെ കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 10 കോടി രൂപയും സഹകരണമേഖലയ്ക്ക് 12 കോടി രൂപയും സംരംഭകർക്കായി 20 കോടി രൂപയും ഉൾപ്പെടെ ആകെ 40 കോടി രൂപയും അനുവദിച്ചു. കയർമേഖലയിലെ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി 8 കോടിയും വിപണന കേന്ദ്രം, മാർക്കറ്റിംഗ്, പരസ്യ പ്രചാരണം, വ്യാപാര പ്രദർശനങ്ങൾ എന്നിവയ്ക്കായി 10 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്. കയർ മേഖലയ്ക്ക് ആവ്ശ്യമായ അസംസ്കൃത വസ്തുക്കൾ നേരിട്ട് ശേഖരിക്കുന്നതിന് നടപടികൾക്കും ബജറ്റിൽ ഊന്നൽ നൽകിയിട്ടുണ്ട്.

ഇതിനെല്ലാം പുറമേ തൊഴിൽ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള വരുമാനപൂരക പദ്ധതിയ്ക്ക് ബജറ്റിൽ 86 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്. കഴിഞ്ഞ ബജറ്റിൽ ഈയിനത്തിൽ 78 കോടി രൂപയായിരുന്നതാണ് വർദ്ധിപ്പിച്ചത്. ഈ തുകയിൽ നിന്നും കയർ മേഖലയ്ക്ക് കുറഞ്ഞത് 25 കോടി രൂപയെങ്കിലും ലഭിക്കുമെന്നും കരുതുന്നു.

ചുരുക്കത്തിൽ കയർ വ്യവസായത്തിൽ പണിയെടുക്കുന്ന ആയിരക്കണക്കിന് തൊഴിലാളികൾക്കും കയർ സംഘങ്ങൾക്കും കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർഫെഡിനും ആശ്വാസം പകരുന്ന നടപടികളാണ് ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്.

കയർ മേഖലയുടെ പുരോഗതിക്കായി ബജറ്റിൽ മതിയായ തുക അനുവദിച്ച പിണറായി സർക്കാരിനോടും ധനകാര്യമന്ത്രി കെ.എൻ.ബാലഗോപാലിനോടും വ്യവസായ നിയമ കയർ മന്ത്രി പി. രാജീവിനോടും കയർ സംഘങ്ങൾക്കും കയർഫെഡിനുമുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നതായും കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ പറഞ്ഞു.

# പക്ഷപാത മാധ്യമ പ്രവർത്തനം കേരളത്തിലും ശക്തം: മുഖ്യമന്ത്രി

**പ**ക്ഷപാതിത്വത്തോടെ വാർത്തകൾ തയാറാക്കുന്ന മാധ്യമപ്രവർത്തന രീതി കേരളത്തിൽ ശക്തമായിരിക്കുന്നതായും നല്ല കാര്യങ്ങൾ മറച്ചുവയ്ക്കാനും അനാവശ്യ വിവാദങ്ങൾ പ്രോത്സാഹിപ്പിക്കാനും തയാറാകുന്ന രീതി വ്യാപകമാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. സ്വദേശാഭിമാനി കേസരി പുരസ്കാരങ്ങളും സംസ്ഥാന മാധ്യമ പുരസ്കാരങ്ങളും ഫോട്ടോഗ്രഫി പുരസ്കാരങ്ങളും സമർപ്പിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആരോഗ്യകരമായ സംവാദങ്ങൾക്കു പകരം വിലകെട്ട വിവാദങ്ങളിലാണു പല മാധ്യമങ്ങൾക്കും ഇപ്പോൾ താത്പര്യമെന്നു മുഖ്യമന്ത്രി പറഞ്ഞു. ശരികളെ അവഗണിച്ച് ഇല്ലാത്ത കുറ്റം കണ്ടുപിടിക്കലാണു മാധ്യമ ധർമമെന്നാണ് ഇക്കൂട്ടർ കരുതുന്നത്. ഇതു ഭൂഷണമാണോയെന്ന് മാധ്യമ പ്രവർത്തകർ ചിന്തിക്കണം. സമൂഹത്തിലേക്കു സദാ കണ്ണും കാതും തുറന്നുവച്ച് ജനകീയ വിഷയങ്ങൾ ഏറ്റെടുക്കുന്ന നിലയിലേക്കു മാധ്യമങ്ങൾ മാറണം. മാധ്യമങ്ങളുടെ രാഷ്ട്രീയം മൂലധന രാഷ്ട്രീയമായി മാറിയിരിക്കുന്നു. ഉടമയുടെ മൂലധനതാത്പര്യത്തിന് ഊന്നൽ നൽകുമ്പോൾ, വസ്തുത അന്വേഷിച്ചുപോകുന്ന മാധ്യമ പ്രവർത്തകർ നിരാശരാകുകയും പുറത്താക്കപ്പെടുകയും ചെയ്യുന്നു. പത്രങ്ങൾ പരസ്യങ്ങൾ പ്രസിദ്ധീകരിക്കാനുള്ള ഇടമാണെന്നും അതിനിടയിൽ ഫില്ലറായി ഉപയോഗിക്കാനുള്ളതാണു വാർത്തകളെന്നും പറയുന്ന എഡിറ്റർമാരാണ് ഇന്നുള്ള ചിലർ. സ്വദേശാഭിമാനിയെപ്പോലെയും കേസരിയെപ്പോലെയുമുള്ള എഡിറ്റർമാർക്ക് വംശനാശം സംഭവിക്കുകയും പത്ര ഉടമകൾതന്നെ പത്രാധിപന്മാരായി മാറുകയും ചെയ്യുന്ന രീതി ഉത്കൃഷ്ട മാധ്യമപ്രവർത്തനത്തിന് വിലങ്ങുതടിയാകുന്നെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

ജനാധിപത്യ സമൂഹത്തിൽ സർക്കാരിനും ജനങ്ങൾക്കുമിടയിൽ പാലമായി വർത്തിക്കുമ്പോഴും ജനങ്ങളുടെ നാവായിരിക്കാൻ മാധ്യമങ്ങൾക്ക് ഉത്തരവാദിത്തമുണ്ട്. അത് എത്രകണ്ടു പ്രാവർത്തികമാകുന്നുവെന്നതു പരിശോധിക്കപ്പെടേണ്ടതുണ്ട്. ലോകത്തിൽ സ്വതന്ത്ര മാധ്യമ പ്രവർത്തനം ഏറ്റവുമധികം ഭീഷണി നേരിടുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. മാധ്യമ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടു തയാറാക്കിയ 180 രാജ്യങ്ങളുടെ പട്ടികയിൽ 140-ാം സ്ഥാനത്താണ് ഇന്ത്യ. 2019നും 2020നും ഇടയിൽ 154 മാധ്യമ പ്രവർത്തകർ തൊഴിലുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ടെന്നാണ് ഇതുസംബന്ധിച്ച കണക്കുകൾ. ഇതിൽ 40 ശതമാനവും നടന്നത് 2020ലാണ്. ഇതൊന്നും ഇന്ത്യയിലെ മാധ്യമങ്ങളെ കാര്യമായി അസ്വസ്ഥപ്പെടുത്തുന്നില്ലെന്നതു ഗൗരവമായ കാര്യമാണെന്നു മുഖ്യമന്ത്രി പറഞ്ഞു.

ഒരുകാലത്തു നിർഭയത്വത്തിന്റേയും ധീരതയുടേയും പ്രതീകമായിരുന്ന ഇന്ത്യൻ മാധ്യമങ്ങളിൽ പലതും ഇന്ന് അധികാരത്തിന്റെ കുഴലൂത്തുകാരായി മാറിയിരിക്കുന്നു. അധികാരത്തിനു മുന്നിൽ സമ്പൂർണ സമർപ്പണമാണ് ഉദാത്ത മാധ്യമപ്രവർത്തനമെന്ന ചിന്ത ഇന്ത്യൻ മാധ്യമ പ്രവർത്തന രംഗത്തു പൊതുവേ രൂപപ്പെട്ടിട്ടുണ്ട്. കോവിഡ് കാലത്ത് ഇതു കൂടുതൽ പ്രകടമായി. എന്നാൽ, കോവിഡ് പശ്ചാത്തലത്തിൽ പുതുതായി ഉണ്ടായതല്ല ഇത്. കശ്മീരിൽ ഇന്റർനെറ്റ് നിഷേധിക്കുകയും മാധ്യമ പ്രവർത്തനത്തിന് കൂച്ചുവിലങ്ങിടപ്പെടുകയും ചെയ്തപ്പോൾ ഇന്ത്യയിലെ പ്രബല മാധ്യമങ്ങളിൽ ഭൂരിപക്ഷവും നാവ് അനക്കിയില്ല. അതിനെതിരേ ശബ്ദിക്കാൻ തയാറായില്ല. പൗരത്വ നിയമം, നോട്ട് നിരോധനം, കർഷക നിയമ ഭേദഗതി തുടങ്ങിയ ഘട്ടങ്ങളിലെല്ലാം ഭരണകൂട വ്യാഖ്യാനങ്ങൾക്കപ്പുറം പോകേണ്ട എന്ന നിലപാടാണ് പല മാധ്യമങ്ങളും സ്വീകരിച്ചത്. ഇവയെല്ലാം ജനങ്ങൾക്കുവേണ്ടിയാണെന്ന തരത്തിലുള്ള അപഹാസ്യമായ വ്യാഖ്യാനങ്ങൾപോലും ചില മുഖ്യധാരാ മാധ്യമങ്ങൾ മുന്നോട്ടുവച്ചു. ജനാധിപത്യ സമൂഹത്തിലെ വാച്ച് ഡോഗ് ആകേണ്ട മാധ്യമങ്ങൾ അധികാരികളുടേയും കോർപ്പറേറ്റുകളുടേയും ലാപ്ഡോഗ് ആയി അധഃപതിക്കുന്നതാണു കാണേണ്ടിവന്നതെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

മാധ്യമ രംഗത്തു പൊതുവേയുണ്ടായിട്ടുള്ള വിശ്വാസക്കുറവ് സമൂഹ മാധ്യമങ്ങളെ ജനകീയമാക്കിയിട്ടുണ്ട്. സമൂഹ മാധ്യമങ്ങൾ മാധ്യമ രംഗത്തെ കീഴ്മേൽ മറിക്കുന്ന സ്ഥിതിയാണുള്ളത്. പല വാർത്തകളും ആദ്യം പ്രത്യക്ഷപ്പെടുന്നത് സമൂഹ മാധ്യമ പ്ലാറ്റ്ഫോമിലാണ്. അവയെ അവഗണിച്ച് ഒരു മാധ്യമ സ്ഥാപനത്തിനും മുന്നോട്ടു പോകാനാകാത്ത സ്ഥിതിയുമുണ്ട്. വ്യവസ്ഥാപിത മാധ്യമങ്ങൾ അവരുടെ മൂലധന താത്പര്യം സംരക്ഷിക്കുന്നതിനു നൽകുന്ന വാർത്തകൾ പോലും സമൂഹ മാധ്യമ പ്ലാറ്റ്ഫോമുകളിൽ ഇഴകീറി പരിശോധിക്കപ്പെടുന്നു.

അതുകൊണ്ടുതന്നെ ഉത്തരവാദിത്തപൂർണമായ മാധ്യമ പ്രവർത്തനം നടത്തേണ്ടത് ഇന്ന് പരമ പ്രധാനമാണെന്നു മാധ്യമ പ്രവർത്തകർ തിരിച്ചറിയണം. സമൂഹ മാധ്യമങ്ങളുടെ സാമൂഹിക വിരുദ്ധ മുഖത്തെ കാണാതെയല്ല ഇക്കാര്യങ്ങൾ പറയുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

2018ലെ സ്വദേശാഭിമാനി കേസരി പുരസ്കാരം അന്തരിച്ച കേരള കൗമുദി പത്രാധിപർ എം.എസ്. മണിക്കു വേണ്ടി അദ്ദേഹത്തിന്റെ പത്നി ഡോ. കസ്തൂരി ഭായിയും മകൻ സുകുമാരൻ മണിയും മുഖ്യമന്ത്രിയിൽനിന്ന് ഏറ്റുവാങ്ങി. 2019ലെ പുരസ്കാരം അന്തരിച്ച കാർട്ടൂണിസ്റ്റ് യേശുദാസനുവേണ്ടി അദ്ദേഹത്തിന്റെ മകൻ സുകു ദാസും ഏറ്റുവാങ്ങി. 2018, 2019 വർഷങ്ങളിലെ സംസ്ഥാന മാധ്യമ പുരസ്കാരങ്ങളും 2019ലെ സംസ്ഥാന ഫോട്ടോഗ്രഫി പുരസ്കാരങ്ങളും ചടങ്ങിൽ മുഖ്യമന്ത്രി വിതരണം ചെയ്തു.

കേരള സർവകലാശാല സെനറ്റ് ഹാളിൽ നടന്ന പ്രൗഢമായ ചടങ്ങിൽ ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിച്ചു. പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി, ഭക്ഷ്യ പൊതുവിതരണ മന്ത്രി ജി.ആർ. അനിൽ, മേയർ ആര്യ രാജേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, കേരള മീഡിയ അക്കാദമി ചെയർമാൻ ആർ.എസ്. ബാബു, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, ഡയറക്ടർ എസ്. ഹരികിഷോർ, കെ.യു.ഡബ്ല്യു.ജെ. സംസ്ഥാന ജനറൽ സെക്രട്ടറി ഇ.എസ്. സുഭാഷ് തുടങ്ങിയവർ പങ്കെടുത്തു.

പുരസ്കാരദാന ചടങ്ങിനു ശേഷം ഷഹബാസ് അമൻ നയിച്ച മധുരമായി നിന്നെ എന്ന സംഗീത പരിപാടിയും അരങ്ങേറി.

## ഇൻഡ്യയൊട്ടാകെയുള്ള കയർഫെഡ് സ്വന്തം ഷോറൂമുകൾ

| Sl No | COIRFED Showrooms | Mobile(CUG) | Phone No. | e-mail address |
|---|---|---|---|---|
| 1 | Alappuzha | 8281009856 | 9847472870 | |
| 2 | Ananthapuri | 8281009847 | 0471-2327090 | coirfed.ananthapurisrm@gmail.com |
| 3 | Chalakudy | 8281009859 | 0480-2702916 | coirfed.chalakudysrm@gmail.com |
| 4 | Chengannur | 8281009854 | 0479-2453034 | coirfedchengannursrm@gmail.com |
| 5 | Cherthala | 9400725013 | | |
| 6 | Ernakulam | 8281009858 | 0484-2367508 | coirfed.ernakulamsrm@gmail.com |
| 7 | Kannur | 8281009864 | 0497-2707108 | |
| 8 | Kayamkulam | 8281009850 | 0479-2446335 | coirfedsrmkylm@gmail.com |
| 9 | Kollam | 8281009849 | 0474-2748954 | coirfed.kollamsrm@gmail.com |
| 10 | Kottayam | 8281009857 | 0481-2303279 | |
| 11 | Kozhikkode | 8281009863 | 0495-2549105 | |
| 12 | Malappuram | 8281009862 | 0483-2731806 | |
| 13 | Mavelikkara | 8281009852 | 0479-2343104 | coirfedsrmmavelikara@gmail.com |
| 14 | Nangyarkulangara | 8281009853 | 0479-2412219 | |
| 15 | Narmada | 8281009845 | 0471-2436956 | narmadacoirfed@gmail.com |
| 16 | Palakkad | 8281009826 | 0491-2546451 | coirfedsrmplkd@gmail.com |
| 17 | Parippally | 8281009848 | 0474-2576111 | |
| 18 | Pathanamthitta | 8281009873 | | |
| 19 | Sulthan Bathery | 8281009865 | 04936-265607 | |
| 20 | Sreekariyam | | 9349109251 | |
| 21 | Thirur | 8281009861 | 0494-2421441 | |
| 22 | Thrissur | 8281009860 | 0487-2323723 | coirfed.thrissursrm@gmail.com |
| 23 | Trida | 8281009846 | 0471-2328841 | coirfed.tridasrm@gmail.com |
| 24 | Ahmedabad | 09028073347 | 079-22122858 | |
| 25 | Ajmeer | 08769233721 | 0145-2620607 | |
| 26 | Amaravathy | 09421739326 | 0721-2576304 | |
| 27 | Amritsar | 09958272064 | 0183-2557747 | |
| 28 | Bangalore | 8921861538 | | |
| 29 | Bhavanagar | 9497757231 | 0278-2516620 | |
| 30 | Bhopal | 09303964488 | 0755-2745923 | |
| 31 | Calcutta | 09163342270 | 033-22353029 | |
| 32 | Chennai | 09633428848 | 044-28511938 | coirfedchennai@gmail.com |
| 33 | Delhi | 09958272064 | 011-22544026 | |
| 34 | Indore | 09826537574 | 0731-2469889 | coirfedindorsrm@gmail.com |
| 35 | Gauhati | 07319562716 | 0361-2544845 | coirfedguwahati@gmail.com |
| 36 | Jabalpur | 09450159009- 07024347446 | | 0761-5007765 |
| 37 | Jaipur | 09950838171 | 0141-2319806 | |
| 38 | Kolhapur | 07447330259 | 0231-2652003 | coirfedkolhapur@gmail.com |
| 39 | Kota | 09461700558 | 0744-2360952 | coirfed.kotasrm@gmail.com |
| 40 | Ludhiana | 09958272064 | 0161-2728238 | |
| 41 | Nagpur | 09422857737 | 0712-2768605 | coirfednagpur@gmail.com |
| 42 | Pondichery | 09633428848 | 0413-2333573 | coirfedpondicherry@gmail.com |
| 43 | Siliguri | 07319562716 | 0353-2430407 | |
| 44 | Surat I | 9497757231 | 0261-2438673 | |
| 45 | Surat II | | | |
| 46 | Trichy | 09750125580 | 09750125580 | |
| 47 | Pandurna | 09422857737 | 0716-4220183 | |
| 48 | Chapra | 09939066693 | 08986369244 | |
| 49 | Warud | 09421739326 | 0722-9234223 | |






## കയർഫെഡ് – സ്വർണ്ണമഴ – പുതുവർഷ

# സമ്മാനപദ്ധതിയുടെ നറുക്കെടുപ്പ് നടത്തി

കയർഫെഡിന്റെ സ്വർണ്ണമഴ സമ്മാനപദ്ധതിയുടെ നറുക്കെടുപ്പ് കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസിനെ നിർവഹിച്ചു.

മാർക്കറ്റിംഗ് മാനേജർ എം. അനുരാജ് പദ്ധതി വിശദീകരിച്ചു. ഒന്നാം സമ്മാനമായ 24 ഗ്രാം (3 പവൻ) സ്വർണനാണയത്തിന് ആലപ്പുഴ ഷോറൂം വഴി പ്രോഡക്ട് വാങ്ങിയ ഗോപി (മൊബൈൽ നമ്പർ 9946353717) അർഹനായി. രണ്ടാം സമ്മാനമായ 16 ഗ്രാം (2 പവൻ) സ്വർണനാണയത്തിന് തിരൂർ ഷോറൂമിൽ നിന്നും പ്രോഡക്ട് വാങ്ങിയ സുരേന്ദ്രനും (മൊബൈൽ നമ്പർ 6282765096) മൂന്നാം സമ്മാനമായ 8ഗ്രാം (ഒരു പവൻ) സ്വർണ്ണനാണയത്തിന് (രണ്ടുപേർക്ക്) മാവേലിക്കര ഷോറൂമിൽ നിന്ന് പ്രോഡക്ട് വാങ്ങിയ രാമകൃഷ്ണനും ചേർത്തല ഷോറൂമിൽ നിന്ന് ഉത്പന്നം വാങ്ങിയ ബേബിയും അർഹരായി.




# വരൂ, നിങ്ങൾക്കും സംരംഭകനാകാം



പി. രാജീവ്,
വ്യവസായ നിയമ കയർ മന്ത്രി

ഒരുലക്ഷം സംരംഭമാണ് ഈ സംരംഭകവർഷത്തിൽ സർക്കാർ ലക്ഷ്യംവെക്കുന്നത്. ഇതിനായി ശാസ്ത്രീയമായ കർമ്മപദ്ധതിയും വ്യക്തമായ കലണ്ടറും പ്രൊഫഷണലായ നിർവഹണസംവിധാനവും തയാറാക്കിയിട്ടുണ്ട്. വ്യവസായ വകുപ്പിനുമാത്രമായി ഏറ്റെടുത്ത് നിർവഹിക്കാൻ കഴിയുന്ന ദൗത്യമായി ഇതിനെ കാണുന്നില്ല. വിവിധ വകുപ്പുകളും പ്രാദേശിക സർക്കാരുകളും സമൂഹവും ഒറ്റക്കെട്ടായി ഏറ്റെടുത്ത് പൂർത്തീകരിക്കേണ്ട ദൗത്യമാണത്. അഭ്യസ്തവിദ്യരായ യുവാക്കൾക്ക് തൊഴിൽ നൽകുന്നതിനും സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും വ്യവസായവത്ക്കരണം അനിവാര്യമാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായം, തദ്ദേശസ്വയംഭരണം, സഹകരണം, കൃഷി, ഫിഷറീസ്, മൃഗസംരക്ഷണം, ടൂറിസം, തൊഴിൽ, ധന വകുപ്പുകൾ ഏകോപിതമായാണ് സംരംഭകവർഷത്തിന് നേതൃത്വം നൽകുന്നത്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള മുതിർന്ന ഉദ്യോഗസ്ഥരുടെ സംഘം പ്രായോഗികതലത്തിൽ നേതൃത്വം കൊടുക്കുന്നു.

### നിക്ഷേപ–വായ്പ അനുപാതം മാറണം

ഈ വകുപ്പുകളുടെ മന്ത്രിമാരും ഉദ്യോഗസ്ഥരും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്ന് ഓരോ വകുപ്പും നിർവഹിക്കേണ്ട ചുമതലകളും ലക്ഷ്യവും നിശ്ചയിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രികൂടി പങ്കെടുത്ത് സ്ഥാപനങ്ങളുടെ പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും യോഗവും സഹകരണമന്ത്രികൂടി പങ്കെടുത്ത് ബാങ്ക് പ്രസിഡന്റ്-സെക്രട്ടറിമാരുടെ യോഗവും ചേർന്നു. സംസ്ഥാനതല ബാങ്കേഴ്സ് സമിതി യോഗത്തിൽ ഈ പദ്ധതി വിശദീകരിക്കുന്നതിന് വ്യവസായമന്ത്രിയെന്ന നിലയിൽ പങ്കെടുത്തു. നിക്ഷേപ-വായ്പ അനുപാതം അഖിലേന്ത്യാതലത്തിൽ 71 ശതമാനമുള്ളപ്പോൾ കേരളത്തിൽ അത് കേവലം 62 ശതമാനം മാത്രമാണ്. ആന്ധ്രയിൽ 116 ശതമാനവും തമിഴ്നാട്ടിൽ 101 ശതമാനവുമാണെന്ന് അറിയുമ്പോഴാണ് വിവേചനത്തിന്റെ ആഴം ബോധ്യപ്പെടുക. ഈയവസ്ഥയിൽ മാറ്റമുണ്ടാകുന്നതിന് നേതൃത്വം നൽകാമെന്നും സംരംഭകവർഷത്തിന് പ്രത്യേക വായ്പ പദ്ധതി ആവിഷ്ക്കരിക്കുന്നത് പരിഗണിക്കാമെന്നും അവർ സമ്മതിക്കുകയുണ്ടായി.



സംസ്ഥാന-കേന്ദ്ര പൊതുമേഖലാസ്ഥാപന മേധാവികളുടെ യോഗവും ചേർന്നിരുന്നു. ഇന്ന് മറ്റുസംസ്ഥാനങ്ങളിലെ ചെറുകിട വ്യവസായങ്ങളെ ആശ്രയിക്കുന്ന മേഖലകൾ കണ്ടെത്തി അതിനു പകരമായി കേരളത്തിൽത്തന്നെ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഇവർ പിന്തുണയ്ക്കാമെന്ന് തീരുമാനിച്ചു. ഗവേഷണഫലങ്ങൾ വാണിജ്യപരമായി ഉത്പാദിപ്പിക്കുന്നതിനുള്ള പിന്തുണ കേന്ദ്രഗവേഷണ സ്ഥാപനങ്ങളുടെ മേധാവികളുടെ യോഗത്തിൽ ഉറപ്പ്



**സംരംഭകർ ഓഫീസുകൾ കയറിയിറങ്ങേണ്ടിയിരുന്ന സാഹചര്യം പൂർണ്ണമായും കേരളത്തിൽ മാറുകയാണ്. വ്യവസായ വകുപ്പ് സംരംഭകരെ തേടിയിറങ്ങാനും താൽപര്യം പ്രകടിപ്പിക്കുന്നവരെ കൈപിടിച്ച് സംരംഭകനാക്കുന്നതിനുമുള്ള ബൃഹദ്പദ്ധതിക്കാണ് നേതൃത്വം നൽകുന്നത്. അതിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിക്കുകയാണ്.**

നൽകി. പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങളിൽ നിശ്ചിതകാലയളവിൽ വേതനവർദ്ധനയുമായി ബന്ധപ്പെട്ട പ്രശനങ്ങൾ ഉന്നയിച്ച് പ്രവർത്തനം തടസപ്പെടുത്തുന്ന സ്ഥിതിയുണ്ടാകില്ലെന്ന് കേന്ദ്രതൊഴിലാളി യൂണിയനുകളുടെ സംസ്ഥാന നേതാക്കൾ സ്വമേധയാ പ്രഖ്യാപിച്ചെന്നത് ശ്രദ്ധേയമാണ്. ഫിക്കി, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ്, ടായ്, സ്മോൾ സെയിൽസ് ഇൻഡസ്ട്രീസ് അസോസിയേഷൻ പ്രതിനിധികളുടെ യോഗവും കേരള മാനേജ്മെന്റ് അസോസിയേഷൻ, ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെയും പെഴ്സണൽ മാനേജർമാരുടെയും സംഘടന പ്രതിനിധികളുടെ യോഗവും സംരംഭകവർഷത്തിന് പിന്തുണ പ്രഖ്യാപിക്കുകയുണ്ടായി.

### ഏഴുദിവസത്തിനകം ലൈസൻസ്

മലിനീകരണ നിയന്ത്രണബോർഡിന്റെ റെഡ് കാറ്റഗറിയിൽപ്പെടാത്തതും അമ്പതുകോടി രൂപ വരെയുള്ളതുമായ നിക്ഷേപങ്ങൾക്ക് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിനുള്ള നിയമം ഇപ്പോൾ നിലവിലുണ്ട്. ഏകജാലകസംവിധാനം വഴി രജിസ്റ്റർ ചെയ്താൽ മൂന്നു വർഷംവരെ അക്നോളജ്മെന്റ് രസീതുവഴി പ്രവർത്തിപ്പിക്കാം. ഇത് ലൈസൻസിനുതുല്യമായി ബാങ്കുകളും സർക്കാർ വകുപ്പുകളും അംഗീകരിച്ചിട്ടുണ്ട്. അമ്പതു കോടി രൂപയ്ക്ക് മുകളിലുള്ള സംരംഭങ്ങളാണെങ്കിൽ എല്ലാ രേഖകളോടുകൂടി അപേക്ഷ സമർപ്പിച്ചാൽ ഏഴു ദിവസത്തിനകം ലൈസൻസ് നൽകണമെന്ന വ്യവസ്ഥയുള്ള നിയമം പാസാക്കി.

വ്യവസായം ആരംഭിക്കുന്നതുമായോ നടത്തിക്കൊണ്ടുപോകുന്നതുമായോ ബന്ധപ്പെട്ട സേവനങ്ങളെ സംബന്ധിച്ച പരാതി 30 ദിവസത്തിനകം പരിഹരിക്കുന്നതിനുള്ള പരാതിപരിഹാരകമ്മറ്റി ജില്ലാ-സംസ്ഥാന തലങ്ങളിൽ നിയമ പിന്തുണയോടെ രൂപവത്കരിച്ചു. ഈ സമിതിയുടെ തീരുമാനങ്ങൾ ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥർ 15 ദിവസത്തിനകം നടപ്പാക്കിയില്ലെങ്കിൽ പിഴയീടാക്കാനും അച്ചടക്കനടപടി ശുപാർശചെയ്യാനും സമിതിയ്ക്ക് അധികാരമുണ്ട്. പൂർണമായും ഓൺലൈനിലാക്കുന്ന സോഫ്റ്റ് വെയറും ഏപ്രിലിൽ പ്രാവർത്തികമാക്കും. വ്യവസായ ശാലകളിലെ പരിശോധനകളെല്ലാം സോഫ്റ്റ് വെയർ അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റി സുതാര്യമാക്കി. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളുടെ സർക്കാരുത്തരവ് കാലോചിതമാക്കി പുതുക്കുന്നതിനും നിശ്ചയിച്ചിട്ടുണ്ട്. കാലഹരണപ്പെട്ടതോ പ്രായോഗികമല്ലാത്തതോ ആയ വകുപ്പുകളും ചട്ടങ്ങളും പഠിച്ച് റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തിയ കമ്മീഷൻ റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തിയ കമ്മീഷൻ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിച്ചു. ശുപാർശകളുടെ നടത്തിപ്പ് ചർച്ചചെയ്യാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുമേധാവികളുടെ സമിതിയും രൂപവത്ക്കരിക്കുന്നുണ്ട്.

### വകുപ്പിനെ പുതുക്കിപ്പണിയും

സംരംഭക വർഷത്തിലെ പ്രവർത്തനങ്ങൾക്ക് അനുസൃതമായി വകുപ്പിനെയും പുതുക്കിപ്പണിയുകയാണ്. ഉദ്യോഗസ്ഥർക്ക് കോഴിക്കോട് ഐ.ഐ.എമ്മിലും അഹമ്മദാബാദിലെ ദേശീയ സംരംഭക്ത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടിലുമായി (EDII) ത്രിദിന പരിശീലനപദ്ധതി നടപ്പാക്കി. താലൂക്ക് വ്യവസായ ഓഫീസുകളെല്ലാം ഫെസിലിറ്റേഷൻ കേന്ദ്രങ്ങളാക്കിമാറ്റി. 57 പേർ താലൂക്കുതല റിസോഴ്സ് ഓഫീസർമാരായി പ്രവർത്തിക്കും.

പഞ്ചായത്തുതല പ്രവർത്തനങ്ങൾക്കായി ബി.ടെക്, എ.ബി.എ ബിരുദധാരികളായ 1155 പേർ ഏപ്രിലിൽ ഇന്റേൺസായി ചുമതലയെടുക്കും. ഇവർക്കെല്ലാം വ്യക്തിഗത ടാർഗെറ്റുകൾ നിശ്ചയിച്ചിട്ടുണ്ട്. ജില്ലാ താലൂക്ക് വ്യവസായ ഓഫീസുകൾക്കും ടാർഗെറ്റുകളുണ്ട്. ഏപ്രിലിൽ പഞ്ചായത്തുതല ശിൽപ്പശാലകളും മേയ് മാസത്തിൽ വായ്പ-ലൈസൻസ് മേളകളും സംഘടിപ്പിക്കും.

വ്യവസായങ്ങൾ നടത്തുമ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാ ജില്ലകളിലും എം.എസ്.എം.ഇ ക്ലിനിക്കുകൾ ആരംഭിച്ചു. ദീർഘകാലമായി വ്യവസായ സംഘടനകളാവശ്യപ്പെടുന്ന സ്ഥിരം പ്രദർശനവേദിയുടെ നിർമ്മാണം മേയിൽ കൊച്ചിയിൽ ആരംഭിക്കും. ഇതോടൊപ്പം ഉത്പന്നങ്ങളുടെ വിപണനത്തിനുള്ള ഓൺലൈൻ പ്ലാറ്റ്ഫോമും പൂർത്തിയായിവരുന്നു.


ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം
Coirfed
വേവുന്ന വേനലിലും
വിളകൾക്കു തണുവായ്,
കയർഫെഡിന്റെ കൊക്കോഫെർട്ട്
കൊക്കോഫെർട്ട്
( ചകിരിച്ചോറിൽ നിന്നും നിർമ്മിക്കുന്ന വളം )
1. ഏത് മണ്ണിലും ഉപയോഗിക്കാം
2. ഈർപ്പം നിലനിർത്താനുള്ള മണ്ണിന്റെശേഷിവർദ്ധിപ്പിക്കുന്നു
3. മണ്ണിന്റെ സുഷിരാവസ്ഥയെ മെച്ചപ്പെടുത്തി വേരോട്ടത്തെ സഹായിക്കുന്നു
4. പ്രകൃതിദത്തമായ ഹോർമ്മോണുകളും എൻസൈമുകളും അടങ്ങിയിരിക്കുന്നു
5. പരിസ്ഥിതിക്ക് ഏറെ അനുയോജ്യം
6. മണ്ണിന്റെ സ്വാഭാവികത നിലനിർത്തുകയും കൂടുതൽ വിളവിനു സഹായിക്കുന്ന തരത്തിൽ മണ്ണിനെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു
7. ലാൻഡ് സ്കേപ്പിംഗ്, ഹോർട്ടികൾച്ചറൽ വിളകൾ, ചട്ടിയിൽ വളർത്തുന്ന സസ്യങ്ങൾ, ഫ്ളവർ ബെഡ് എന്നിവയ്ക്കും ഉപയോഗിക്കാം
Customer Care Number :
0477 2243627
Coirfed
Cocofert
COIR PITH
namasteads.com
Call Now : 8281009828,8281009840
THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd. P.B.No.4616, Alappuzha,Kerala, India
Tel: 0477 2243627, 2243628 , 2243629 www.coirfed.com www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com

## COIR DEVELOPMENT DEPARTMENT AND COIRFED CONTACT DIRECTORY

| Sl No | Name | Office | Mobile |
|---|---|---|---|
| **I.** | **Coir Development Dept.** | | |
| 1 | Sri. Rajesh Kumar Sinha IAS<br>Principal Secretary, Coir | 0471 2517395 | |
| 2 | Sri.V.R.Vinod IAS,<br>Director of Coir Development | 0471-2322046 | 9400593500 |
| 3 | Smt. Helen Jerome, ADCD | 0471-2322046 | |
| 4 | Shri. Byju Kumar.S, Under Secretary (Coir) | 0471-2518481 | 9447066257 |
| 5 | Smt. Sreelekha.S, Section Officer, Coir | 0471-2518032 | 9447782904 |
| 6 | Shri.Thomas John, D.R,<br>Coir Development Dept. | 0471-2322046 | 9447245611 |
| **II** | **Coir Project Offices** | | |
| 1 | Shri. K.J. Prabhakumar, Chirayinkeezh | 0470-2626581 | 8289807351 |
| 2 | Shri.Benedict Nixon, Kollam | 0474-2793412 | 9809016005 |
| 3 | Shri.G.Krishnapillai, Kayamkulam | 0479-2442469 | 9446071531 |
| 4 | Shri. R. Suresh Babu, Alappuzha | 828109816 | 9572077344 |
| 5 | Smt.S. Sudha Varma, Vaikom | 04829-231371 | 9446000377 |
| 6 | Smt. Indira K.M , North Paravoor | 0484-2442533 | 9495016149 |
| 7 | Shri.Sojan. C.R, Thrissur | 0487-2423047 | 9497193550 |
| 8 | Shri.Saseendran B, Ponnani | 0494-2666029 | 9496176030 |
| 9 | Smt. P.R. Sindu, Kozhikkode | 0495-2768460 | 9446079538 |
| 10 | Shri. S.K. Sureshkumar, Kannur | 0497-2705034 | 9744720375 |
| **III** | **Coirfed Head Office** | | |
| 1 | Sri. V.R. Vinod IAS, Managing Director | 0477 - 2244109 | 9447484109 |
| 2 | Shri. B. Sunil, General Manager | 8281009870 | 9400149478 |
| 3 | Shri. V.N.Sasikumar, Asst.Finance Manager | 8281009819 | 9446428296 |
| 4 | Shri. D. Sajeev, Personnel Manager | 9947562237 | |
| 5 | Shri. Anuraj. M, Marketing Manager (P) | 8281009840 | 9895365558 |
| 6 | Shri. Sreevardhan Namboothiri. S<br>Marketing Manager(Y) | 8281009817 | 8850677769 |
| 7 | Shri. Anil Kumar.S, Marketing Manager | 8281009828 | 7012602633 |
| 8 | Shri.N.S.Mohandas, Liaison Officer & PRO | 8281009833 | 9497339180 |
| 9 | Shri. Vinesh.S, Development Officer | 8330010736 | 9400599236 |
| 10 | Shri S. Jayaprakash Regional Officer,<br>Alappuzha | 0477-2246272 | 8281009832 |
| 11 | Shri. R. Anil, Regional Officer, Kollam | 0474-2793543 | 8281009829 |
| 12 | Shri. Harish. V, Regional Officer, Kochi | 0484-2224649 | 8281009843 |
| 13 | Sri.T.K Jeevanandan, R.O, Kozhikode | 0495-2360274 | 8281009844 |
| 14 | Shri. P.Prajeesh, P A to President & MD | 8281009842 | 9446271700 |
| 15 | Sri.BabuVijayanath, Depot Manager,<br>Alappuzha | 8281009872 | 9847222027 |
| 16 | Shri. N.K.Baby Materials Manager | 8281009834 | 9495873599 |
| 17 | Shri.V K Shine Stores Supervisor | 8281009818 | 8547524185 |
| 18 | Manager, RB Unit | | 9497635914 |
| 19 | Shri.Nagappan, Dispatch Supervisor,<br>PVCT Unit | 8330010737 | 8075250903 |
| 20 | Shri. Baburaj, Central Stores Manager | 0477-2242471 | |

# സഹകരണ എക്സ്പോ എറണാകുളം മറൈൻഡ്രൈവിൽ

**കേ**രളത്തിന്റെ സഹകരണ മേഖലയുടെ വളർച്ചയും നേട്ടങ്ങളും വ്യക്തമാക്കുന്നതും ഭാവിയിലേക്കുള്ള പദ്ധതികൾ അവതരിപ്പിക്കുന്നതുമായ വിപുലമായ 'സഹകരണ എക്സ്പോ 2022' എറണാകുളം മറൈൻ ഡ്രൈവിൽ നടക്കുമെന്ന് സഹകരണ രജിസ്ട്രേഷൻ മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. എറണാകുളം ബി.ടി.എച്ചി.ൽ സഹകരണ എക്സ്പോ സംഘാടക സമിതി രൂപീകരണയോഗത്തിനുശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

മുഖ്യമന്ത്രി പിണറായി വിജയൻ എക്സ്പോ ഉദ്ഘാടനം ചെയ്യും. സംസ്ഥാന സർക്കാരിന്റെ രണ്ടാം 100 ദിന കർമപരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന എക്സ്പോയിൽ അപ്പക്സ്, ജില്ലാ, പ്രാഥമികതലത്തിലുള്ള ഇരുന്നൂറിലധികം സഹകരണ സ്ഥാപനങ്ങൾ പങ്കെടുക്കും. സഹകരണ പ്രസ്ഥാനത്തിന്റെ ശക്തി സമൂഹത്തിനെ ബോധ്യപ്പെടുത്തുക, സംസ്ഥാനത്തെ സഹകരണ മാതൃകകൾ ആഗോള, ദേശീയതലത്തിൽ പരിചയപ്പെടുത്തുക, സംസ്ഥാനത്തെ സഹകരണ മേഖലയിലെ നേട്ടങ്ങൾ പ്രചരിപ്പിക്കുക, സഹകരണ മേഖലയിലെ വിവിധങ്ങളായ ഉത്പന്നങ്ങൾ പരിചയപ്പെടുത്തുക, അവയ്ക്ക് വിപണയിൽ സ്ഥാനമുറപ്പിക്കുക, കൂടുതൽ മൂല്യവർധിത ഉത്പന്ന നിർമ്മാണത്തിലേക്ക് അവരെ കൊണ്ടെത്തിക്കുക, പുതിയ സാധ്യതകൾ അവതരിപ്പിക്കുക തുടങ്ങിയവയാണ് സഹകരണ എക ്സ്പോയിലൂടെ ലക്ഷ്യമാക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

എക്സ്പോയുടെ ഭാഗമായി ദേശീയ-സംസ്ഥാന തലത്തിൽ ശ്രദ്ധേയരായ പ്രഗത്ഭരെ പങ്കെടുപ്പിച്ച് സെമിനാറുകൾ, സഹകരണമേഖലയിലെ പ്രൊഫഷണലിസവും സാങ്കേതികവിദ്യയും പരിചയപ്പെടുത്തൽ, സംസ്കാരിക പരിപാടികൾ, സിമ്പോസിയങ്ങൾ എന്നിവ സംഘടിപ്പിക്കും. ദിവസവും വിവിധങ്ങളായ കലാപരിപാടികളും അരങ്ങേറും. വിപുലമായ ഫുഡ് കോർട്ടും ഒരുക്കും. സഹകരണ മേഖലയെ സംബന്ധിച്ച് വീഡിയോ പ്രദർശനങ്ങളും ഉണ്ടാകും. സഹകരണ സ്ഥാപനങ്ങളുടെ ബിസിനസ് വിപുലീകരണത്തിന്റെ ഭാഗമായി ബിസിനസ് മീറ്റുകൾ ഇതോടൊപ്പം സംഘടിപ്പിക്കും.

23,000 ത്തോളം സഹകരണ സംഘങ്ങളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്. സഹകരണ രജിസ്ട്രാറിന്റെ കീഴിൽ 16112 സംഘങ്ങളും ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിൽ ഏഴായിരത്തോളം സംഘങ്ങളും ഉൾപ്പെടെയാണ് 23,000ത്തോളം സഹകരണ സംഘങ്ങൾ സംസ്ഥാനത്തിന് താങ്ങും തണലുമായാണ് പ്രവർത്തിക്കുന്നത്. ക്രെഡിറ്റ്, ആതുര സേവനം, ഭവന നിർമ്മാണം, വിദ്യാഭ്യാസം, കൺസ്യുമർ, വ്യവസായം, മത്സ്യ, കശുവണ്ടി, കയർ തുടങ്ങി എല്ലാ മേഖലകളിലും ശക്തമായ സാന്നിധ്യമാണ് സഹകരണ സംഘങ്ങളുടേത്. ഈ സർക്കാർ വന്നതിനുശേഷം യുവാക്കളെ ലക്ഷ്യമിട്ടുള്ള 30 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു. ഇവയുടെ നേതൃത്വത്തിൽ ഇവന്റ് മാനേജ്മെന്റ് മുതൽ ഐ.ടി. വരെയുള്ള യൂണിറ്റുകൾ ആരംഭിച്ച് പുതിയ സ്റ്റാർട്ട് അപ്പുകൾ തുടങ്ങിക്കഴിഞ്ഞു. പട്ടിക ജാതി, പട്ടിക വർഗ വിഭാഗത്തിൽ വരുന്ന യുവാക്കളുടെ സഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്തു. കാർഷിക മേഖലയിൽ നെല്ല് സംഭരണം, സംസ്ക്കരണം, വിപണനം എന്നിവയ്ക്കായി പാലക്കാടും, കോട്ടയത്തും രണ്ടു സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു. കലാകാരൻമാരുടെ സഹകരണ സംഘവും രജിസ്റ്റർ ചെയ്തു. രണ്ടാം 100 ദിന കർമപരിപാടിയുടെ ഭാഗമായി ഭിന്നശേഷിക്കാരുടെ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് അവർക്ക് തൊഴിൽ ലഭ്യമാക്കുന്ന ഒരു പദ്ധതി തയാറാക്കിയിട്ടുണ്ട്. ഫുട്ബോൾ രംഗത്തേക്കും സഹകരണ മേഖല കടന്നുവരുകയാണെന്ന് മന്ത്രി പറഞ്ഞു.




സഹകരണ മേഖലയുടെ എല്ലാവിധ ഇടപെടലുകളും അവരുടെ ഉത്പന്നങ്ങളും സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നതാകും സഹകരണ എക്സ്പോയെന്ന് മന്ത്രി പറഞ്ഞു. ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുള്ള മിൽമ, മത്സ്യഫെഡ്, കയർഫെഡ്, ഖാദി, കൈത്തറി, ദിനേശ് തുടങ്ങിയ സഹകരണ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും എക്സ്പോയിൽ അവസരം ഒരുക്കും. എസ്.പി.സി.എസിന്റെ പുസ്തക പ്രദർശനവും വില്പനയുമുണ്ടാകും. സഹകരണ മേഖലയിലെ ശ്രദ്ധേയ സ്ഥാപനങ്ങളായ കേരള ബാങ്ക്, യു.എൽ.സി.സി.എസ്., കൺസ്യൂമർഫെഡ്, മാർക്കറ്റ്ഫെഡ്, എ.സി./എസ്.ടി. ഫെഡ്, പ്രധാന സഹകരണ ഹോസ്പിറ്റലുകൾ തുടങ്ങിയവയുടെ പ്രത്യേക പവലിയനുകളും ഒരുക്കും. സഹകരണ വകുപ്പിന്റെ ചരിത്രം, വികാസ പരിണാമങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ചും വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്ന വിവിധ ജനകീയ പദ്ധതികളെ സംബന്ധിച്ചും വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ വിവരണങ്ങൾ നല്കിക്കൊണ്ടും ഒരു പ്രത്യേക പവലിയൻ സജ്ജമാക്കും.

എറണാകുളം ബി.ടി.എച്ചിൽ നടന്ന സംഘാടക സമിതിയോഗം മന്ത്രി വി.എൻ വാസവൻ ഉദ്ഘാടനം ചെയ്തു. ടി.ജെ. വിനോദ് എം.എൽ.എ. അധ്യക്ഷതവഹിച്ച യോഗത്തിൽ ജി.സി.ഡി.എ. ചെയർമാൻ കെ.ചന്ദ്രൻപിള്ള, മുൻ സഹകരണവകുപ്പ് മന്ത്രി എസ്. ശർമ, സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി, രജിസ്ട്രാർ പി.ബി. നൂഹ്, ഓഡിറ്റ് ഡയറക്ടർ എം.എസ് ഷെറിൻ, ഫോർട്ട്കൊച്ചി സബ് കളക്ടർ പി. വിഷ്ണുരാജ്,



തിരുവനന്തപുരം സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) എം. ബിനോയ്കുമാർ, എറണാകുളം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) കെ. സജീവ് കർത്ത, സഹകാരികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

സഹകരണ രജിസ്ട്രേഷൻ മന്ത്രി വി.എൻ വാസവൻ ചെയർമാനായ സംഘാടക സമിതിയിൽ വ്യവസായ മന്ത്രി പി. രാജീവ് കോ ചെയർമാനാണ്. പ്രതിപക്ഷ നേതാവ് വി.ഡി. സതീശനാണ് വൈസ് ചെയർമാൻ. സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി ജനറൽ കൺവീനറും രജിസ്ട്രാർ പി.ബി നൂഹ് കൺവീനറും ഓഡിറ്റ് ഡയറക്ടർ എം.എസ് ഷെറിൻ ജോയിന്റ് കൺവീനറുമാണ്. എം.പിമാർ, കൊച്ചി മേയർ, എംഎൽഎമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ തുടങ്ങി 144 പേർ അംഗങ്ങളായ സംഘാടക സമിതിയാണ് രൂപികരിച്ചത്.

## *അനുശോചനപ്രമേയങ്ങൾ*

*(പേജ് 11ൽ നിന്നും തുടർച്ച)*

സംഘടനാ നേതാക്കൾ, കയർ സംഘം അംഗങ്ങൾ, ഭാരവാഹികൾ, ചാപ്പാറ കയർ സംഘം പ്രസിഡൻറ് ടി.കെ. മണി, കണ്ടല്ലൂർ കയർ വ്യവസായ സംഘം നം 84 ന്റെ പ്രസിഡന്റായിരുന്ന സദാശിവൻ, പുതിയവിള കയർ വ്യവസായ സംഘം നം. 153 ന്റെ പ്രസിഡൻറ് ദേവദാസ് തുടങ്ങി റിപ്പോർട്ട് കാലയളവിൽ മരണപ്പെട്ടവർ,

ചലച്ചിത്രരംഗത്ത് പ്രവർത്തിച്ചിരുന്ന പ്രതിഭകളായ കെ.പി.എ.സി. ലളിത, ഉണ്ണികൃഷ്ണൻ നമ്പൂതിരി, സിനിമാ സംവിധായകൻ കെ.എസ്. സേതുമാധവൻ, സംവിധായകൻ പി. ബാലചന്ദ്രൻ, നടൻ മാടമ്പ് കുഞ്ഞുകുട്ടൻ, നടൻ ജി.കെ. പിള്ള, തിരക്കഥാകൃത്ത് ഡെന്നീസ് ജോസഫ്, അഭിനയ പ്രതിഭ നെടുമുടി വേണു, സംവിധായകൻ ക്രോസ് ബെൽറ്റ് മണി, പിന്നണി ഗായകൻ തോപ്പിൽ ആന്റോ, ഹിന്ദി നടൻ ദിലീപ് കുമാർ, ചലച്ചിത്ര ഗാനരചയിതാക്കളായ പൂവ്വച്ചൽ ഖാദർ, എസ് രമേശൻ നായർ, ബിച്ചു തിരുമല, കർണാടക സംഗീതജ്ഞ പാറശാല പൊന്നമ്മാൾ, മാപ്പിളപ്പാട്ട് ഗായകൻ വി.എം. കുട്ടി, കവി അനിൽ പനച്ചൂരാൻ, പത്രപ്രവർത്തകൻ കെ.എം.റോ റോയ്, കാർട്ടൂണിസ്റ്റ് യേശുദാസൻ, കവി വിഷ്ണുനാരായണൻ നമ്പൂതിരി തുടങ്ങി അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ, റിപ്പോർട്ട് വർഷം അന്തരിച്ച മുഴുവൻ പേർക്കും വാർഷിക യോഗം ആദരാഞ്ജലി അർപ്പിച്ചു.


ഭരണസമിതി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായ എം. പുഷ്കരൻ ഡയറക്ടർ ബോർഡ് അംഗമായ രമ മദനൻ എന്നിവർ അനുശോചന പ്രമേയം അവതരിപ്പിച്ചു.




*കയർഫെഡ് വാർഷിക പൊതുയോഗത്തിൽ ഡയറക്ടർ ബോർഡ് അംഗം എ. പ്രേമൻ സംസാരിക്കുന്നു.*


Coirfed
Coirfed
AN EXCELLENT ORGANIC MANURE CUM SOIL CONDITIONER FROM COIR PITH
Cocofert
AN EXCELLENT ORGANIC MANURE CUM
SOIL CONDITIONER FROM COIR PITH
ഒരു പരിപൂർണ്ണ പരിസ്ഥിതി സൗഹാർദ്ദ ഉൽപ്പന്നം
100%
ചകിരിച്ചോറിൽനിന്നുള്ള
ജൈവവളം
മണ്ണിന് കൂട്ടായി ഇനി
കൊക്കോഫെർട്ട്
കൊക്കോഫെർട്ട്
ചകിരിച്ചോറുപയോഗിച്ച് കയർഫെഡ് തയ്യാറാക്കുന്ന തികച്ചും പ്രകൃതിദത്തമായ ജൈവവളമാണ് കൊക്കോഫെർട്ട്. കാർഷികവിളകൾക്കും മറ്റും വളരാൻ അനുകൂല സാഹചര്യമൊരുക്കുന്ന കൊക്കോഫെർട്ട് മണ്ണിനോടൊപ്പം ചേർത്ത് ഉപയോഗിക്കാം. ചെടികളുടെ ആരോഗ്യകരമായ വളർച്ചയെ സഹായിക്കുന്ന ഒട്ടേറെ ഘടകങ്ങൾ ഇതിൽ അടങ്ങിയിട്ടു്. കൂടാതെ കുറഞ്ഞ വിലയും കൂടുതൽ ഗുണനിലവാരവും. വളരെ എളുപ്പത്തിൽ ആർക്കും ഉപയോഗിക്കാവുന്ന കൊക്കോഫെർട്ടിലുടെ ഇനി എവിടേയും ചെടികളെ വളർത്താം, മണ്ണിനെ ഫലഭൂയിഷ്ഠമാക്കാം.
The Kerala State Co-operative Coir Marketing Federation Ltd.No. 679
PB. No. 4616, Alappuzha, Kerala, India, Tel: +91 4772243627, 2243628, 2243629, fax: +91 477 2244013
Website: www.coirfed.com, www.coirfed.kerala.gov.in, E-mail: coirfedho@gmail.com, mdcoirfed@gmail.com

Cocofert
AN EXCELLENT ORGANIC MANURE CUM SOIL CONDITIONER FROM COIR PITH



100%
ചകിരിച്ചോറിൽനിന്നുള്ള ജൈവവളം

## കൊക്കോഫെർട്ടിന്റെ സവിശേഷതകൾ

1. ഏത് മണ്ണിലും ഉപയോഗിക്കാം
2. ഈർപ്പം നിലനിർത്താനുള്ള മണ്ണിന്റെ ശേഷി വർദ്ധിപ്പിക്കുന്നു
3. മണ്ണിന്റെ സുഷിരാവസ്ഥയെ മെച്ചപ്പെടുത്തി വേരോട്ടത്തെ സഹായിക്കുന്നു
4. പ്രകൃതിദത്തമായ ഹോർമ്മോണുകളും എൻസൈമുകളും അടങ്ങിയിരിക്കുന്നു
5. പരിസ്ഥിതിക്ക് ഏറെ അനുയോജ്യം
6. മണ്ണിന്റെ സ്വാഭാവികത നിലനിർത്തുകയും കൂടുതൽ വിളവിനു സഹായിക്കുന്ന തരത്തിൽ മണ്ണിനെ പരിപോഷിപ്പിക്കുയും ചെയ്യുന്നു
7. ലാൻഡ് സ്കേപ്പിംഗ്, ഹോർട്ടികൾച്ചറൽ വിളകൾ, ചട്ടിയിൽ വളർത്തുന്ന സസ്യങ്ങൾ, ഫ്ളവർ ബെഡ് എന്നിവയ്ക്കും ഉപയോഗിക്കാം

## അടങ്ങിയിരിക്കുന്ന ഘടകങ്ങൾ

| | | |
|---|---|---|
| നൈട്രജൻ (N) | - | 1.25% |
| ഫോസ്ഫറസ് (P) | - | 0.06% |
| പോട്ടാസ്യം (k) | - | 1.20% |
| ലിഗ്നിൻ | - | 4.8% |
| സെല്ലുലോസ് | - | 10.00% |
| ഓർഗ്ഗാനിക് കാർബൺ | - | 24.00% |
| കാൽസ്യം | - | 0.50% |
| മഗ്നീഷ്യം | - | 0.48 % |
| C:N റേഷ്യോ | - | 19.1 |
| കോപ്പർ (PPM) | - | 6.20 |
| അയേൺ (PPM) | - | 0.90 |
| മാംഗനീസ് (PPM) | - | 25.00 |
| സിങ്ക് (PPM) | - | 15.80 |
| മോയിസ്ചർ | - | 50% |
| PH | - | 6.6 - 6.9 |





| | | | | | |
|---|---|---|---|---|---|
| തെങ്ങ് | - 6kg./ ചെടി | തക്കാളി | - 0.3kg./ ചെടി | മാവ് | - 6kg./മരം |
| വാഴ | - 5kg./ ചെടി | പയർ | - 0.3kg./ ചെടി | പൈനാപ്പിൾ | - 1kg./ചെടി |
| കുരുമുളക് | - 5kg./ ചെടി | പടവലം | - 0.5kg./ ചെടി | മുന്തിരി | - 1kg./ചെടി |
| കമുക് | - 5kg./ ചെടി | ചേന | - 0.5kg./ ചെടി | സപ്പോട്ട | - 3kg./ചെടി |
| ഏലം | - 5kg./ കൂട്ടം | ചേമ്പ് | - 0.5kg./ ചെടി | റോസ് | - 0.75kg./ചെടി |
| കാപ്പി | - 5kg./ ചെടി | മഞ്ഞൾ | - 0.1kg./ ചെടി | ആന്തൂറിയം | - 0.5kg./ചെടി |
| തേയില | - 5kg./ ചെടി | ഇഞ്ചി | - 0.1kg./ ചെടി | ഓർക്കിഡ് | - 0.25kg./ചെടി |
| റബ്ബർ | - 2kg./ ചെടി | കാബേജ് | - 0.3kg./ ചെടി | സീനിയ | - 0.25kg./ ചെടി |
| നെല്ല് | - 150kg./ ഏക്കർ | കാരറ്റ് | - 0.1kg./ ചെടി | മുല്ല | - 0.3kg./ചെടി |
| കപ്പ | - 2kg./ചെടി | ബീറ്റ്റൂട്ട് | - 0.1kg./ചെടി | സൂര്യകാന്തി | - 0.5kg./ ചെടി |
| വെറ്റില | - 2kg./ ചെടി | മുളക് | - 0.3kg./ചെടി | ചെത്തി | - 0.3kg./ചെടി |
| കൊക്കോ | - 2kg./ ചെടി | വെ | - 0.3kg./ ചെടി | ജമന്തി | - 0.3kg./ചെടി |
| വാനില | - 1kg./ ചെടി | വഴുതന | - 0.3kg./ ചെടി | തുളസി | - 0.3kg./ ചെടി |
| ജാതി | - 5kg./ ചെടി | വെള്ളരി | - 1 kg./ ചെടി | | |

കോക്കോഫെർട്ട്
പ്രകൃതിദത്തമായ ജൈവവളം



## മിനിക്കഥ



ജി. കണ്ണനുണ്ണി

# ആവർത്തനം

**മു**ത്തച്ഛൻ കഥ പറഞ്ഞു തുടങ്ങി...

ഉണ്ണി നീ ഇന്നലെ ഉറുമ്പുകളെ കൊന്നൊടുക്കി രസിച്ചില്ലേ, അവർ നിസഹായരായി ഓടി ഒളിക്കുന്നത് കണ്ടു സന്തോഷിച്ചില്ലേ. അതു പോലെ... തന്നെ വെല്ലാൻ ആരുമില്ലെന്ന് പറഞ്ഞ് മനുഷ്യൻ അഹങ്കാരം കൊണ്ട് മദിച്ചപ്പോൾ ഒരു കുഞ്ഞു രാക്ഷസനും രാക്ഷസിയും അദൃശ്യരായി ഭൂമിയിൽ എത്തി. മനുഷ്യനെ കൊന്നൊടുക്കാൻ തുടങ്ങി.. അങ്ങനെ കോവിഡ് രാക്ഷസനും കൊറോണ രാക്ഷസിയും ലോകം കീഴടക്കി.. മനുഷ്യന്റെ അഹങ്കാരം ഇല്ലാതാക്കി..

അപ്പോൾ അവന്റെ അകക്കണ്ണു തുറന്നു. രാഷ്ട്രീയവും, ജാതിയും, മതവും വെടിഞ്ഞ് അവൻ മനുഷ്യത്വത്തിന്റെ വില മനസിലാക്കി, ഒറ്റക്കെട്ടായി ആ രാക്ഷസ കൂട്ടങ്ങളെ നേരിട്ടു.. ഒടുവിൽ രാക്ഷസ സഹോദരങ്ങൾക്ക് നിലനിൽപ്പ് ഇല്ലാതായി... അവർ എരിഞ്ഞടങ്ങി... പ്രളയം നേരിട്ട പോലെ മഹാമാരിയായ് മാറിയ രാക്ഷസ കൂട്ടങ്ങൾക്ക് മേൽ ഒറ്റക്കെട്ടായി അവൻ വിജയം നേടി... ഇനി ഒരിക്കലും ഒത്തൊരുമ നഷ്ടപെടുത്തുക ഇല്ല എന്ന് അവൻ ശപഥം ചെയ്തു.

പക്ഷേ, പതുക്കെ പതുക്കെ മറവി മനുഷ്യനെ ഇല്ലാതാക്കാൻ തുടങ്ങി. മതവും, രാഷ്ട്രീയവും, അഹങ്കാരവും അവന്റെ കാഴ്ച്ച മറച്ചു. അവർ പരസ്പരം കൊന്നൊടുക്കാൻ തുടങ്ങി...

കഥ മുഴുവൻ കേൾക്കുന്നതിന് മുൻപേ ഉണ്ണി സുഖ നിദ്രയിലാണ്ടു... മുത്തച്ഛൻ പതിവുപോലെ പത്ര വായനയിൽ മുഴുകി.

## വ്യവസായ മന്ത്രി തായ്‌ലന്റ് കോൺസൽ ജനറലുമായി കൂടിക്കാഴ്ച നടത്തി

# നിക്ഷേപ സൗഹൃദ അന്തരീക്ഷം മാതൃക; കൂടുതൽ സഹകരിക്കുമെന്ന് തായ്‌ലന്റ്



**കേ**രളത്തിലെ നിക്ഷേപ സൗഹൃദാന്തരീക്ഷം മാതൃകയാണെന്നും സംസ്ഥാനവുമായി സഹകരിച്ച് ഭക്ഷ്യസംസ്കരണം, കരകൗശല നിർമ്മാണം തുടങ്ങിയ മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുമെന്നും തായ്‌ലന്റ് കോൺസൽ ജനറൽ നിടിരോഗ് ഫൊൺ പ്രസേട്ട് പറഞ്ഞു. കേരളവുമായി പ്രത്യേക ധാരണാപത്രം ഒപ്പുവെക്കാൻ തായ്‌ലന്റിനുള്ള താൽപര്യം അദ്ദേഹം അറിയിച്ചു. വ്യവസായ മന്ത്രി പി. രാജീവുമായി കോൺസൽ ജനറലിന്റെ നേതൃത്വത്തിലുള്ള സംഘം നടത്തിയ കൂടിക്കാഴ്ചയിൽ കേരളത്തിൽ ആരംഭിക്കാൻ സാധിക്കുന്ന മറ്റ് വ്യവസായങ്ങളെക്കുറിച്ചും ചർച്ച ചെയ്തു.

സംസ്ഥാനത്തെ വ്യാവസായിക രംഗത്ത് നിക്ഷേപകർക്കനുകൂലമായി വരുന്ന മാറ്റങ്ങളിൽ കോൺസൽ ജനറൽ സന്തോഷം പ്രകടിപ്പിച്ചു. തായ് സംരംഭക ലോകത്തിന് പ്രതീക്ഷ നൽകുന്നതാണ് ഈ മാറ്റങ്ങളെന്നും കേരളത്തിൽ സംരംഭം ആരംഭിക്കാനാഗ്രഹിക്കുന്ന നിക്ഷേപകർ കോൺസുലേറ്റുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. നിക്ഷേപം നടത്താൻ താൽപര്യമുള്ള തായ്‌ലന്റ് നിക്ഷേപകരുമായി ആശയവിനിമയം നടത്താൻ നിശ്ചയിച്ചു.

ഭക്ഷ്യ സംസ്കരണ മേഖലയിൽ വർധിച്ചു വരുന്ന സാധ്യതകൾ മന്ത്രി കോൺസുൽ ജനറലിനോട് വിശദീകരിച്ചു. വ്യവസായം ആരംഭിക്കാൻ താൽപര്യമുള്ള സംരംഭകർക്ക് സംസ്ഥാന സർക്കാരിന്റെ സഹകരണവും അദ്ദേഹം ഉറപ്പ് നൽകി. തുടർ നടപടികൾ ഉണ്ടാകുമെന്നും ചർച്ചയിൽ തീരുമാനിച്ചു. കോൺസൽ സംഘത്തിന് കേരളത്തിന്റെ സ്നേഹോപഹാരമായി ആറന്മുള വാൽക്കണ്ണാടിയും സമ്മാനിച്ചു. തായ് ഡെപ്യൂട്ടി കോൺസൽ ജനറൽ ലലാന ജിറ്റ്സട്ടാനനെ, വ്യവസായ വകുപ്പ് പ്രിൻസിപ്പിൾ സെക്രട്ടറി സുമൻ ബില്ല എന്നിവരും കൂടിക്കാഴ്ചയിൽ പങ്കെടുത്തു.





# സംസ്ഥാന വ്യാവസായിക സുരക്ഷിതത്വ അവാർഡുകൾ പ്രഖ്യാപിച്ചു

**അ**പകടരഹിത സുരക്ഷിത തൊഴിലിടം എന്ന ലക്ഷ്യം മുൻനിറുത്തി സുരക്ഷിത തൊഴിൽ സാഹചര്യം ഒരുക്കുന്ന വ്യവസായശാലകൾക്ക് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് നൽകുന്ന വ്യവസായിക സുരക്ഷിതത്വ അവാർഡുകൾ പ്രഖ്യാപിച്ചു.

വ്യവസായശാലകളിലെ തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുഴുവൻ ഫാക്ടറികളെയും അഞ്ച് പ്രധാന വിഭാഗങ്ങളിലായി തരം തിരിച്ച് ഉത്പാദനപ്രക്രിയയുടെ അടിസ്ഥാനത്തിൽ മൂന്നോ അതിലധികമോ ഉപവിഭാഗങ്ങളായും തിരിച്ചാണ് അവാർഡ് നൽകുന്നത്. ഈ വർഷം ലഭിച്ച അപേക്ഷകളിൽ നിന്ന് വ്യാവസായിക സുരക്ഷിതത്വ അവാർഡ് നിർണ്ണയകമ്മിറ്റി തെരഞ്ഞെടുത്ത വ്യവസായശാലകൾക്കാണ് അവാർഡുകൾ ലഭിച്ചത്.

ജോലിക്കാരുടെ എണ്ണം 500 പേരിൽ കൂടുതലുള്ള വളരെ വലിയ വ്യവസായശാലകളിൽ രാസവസ്തുക്കൾ, പെട്രോളിയം, പെട്രോകെമിക്കൽ, റബർ, പ്ലാസ്റ്റിക് എന്നിവയുടെ ഉത്പാദന പ്രക്രിയയിൽ ഉൾപ്പെടുന്ന വിഭാഗത്തിൽ എറണാകുളത്തെ ദി ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്.എസി.റ്റി) അവാർഡിനർഹമായി.

എൻജിനിയറിംഗ്, ഓട്ടോമൊബൈൽ റിപ്പയറിംഗ് ആൻഡ് സർവീസിംഗ്, ടെക്സ്റ്റൈൽസ് ആൻഡ് കയർ എന്നിവ ഉൾപ്പെടുന്ന വിഭാഗത്തിൽ കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് അവാർഡിനർഹമായി. ഫുഡ് ആൻഡ് ഫുഡ് പ്രോഡക്ട്സ് എന്ന വിഭാഗത്തിൽ കൊല്ലം സെന്റ് ഗ്രിഗോറിയസ് കാഷ്യൂ ഇൻഡസ്ട്രീസ് മറ്റുള്ളവ എന്ന വിഭാഗത്തിൽ പാലക്കാട് സെയിന്റ് ഗോബെയിൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡും അവാർഡ് നേടി. ബെസ്റ്റ് സേഫ്റ്റി വർക്കറായി പേരൂർക്കട എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിലെ റ്റി.പി. ഷൺമുഖൻ, എറണാകുളം ദി ഫെർട്ടിലൈസേഴ്സ് ആന്റ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡിലെ റോമിയോ ജോർജ് എന്നിവരെ തെരഞ്ഞെടുത്തു. ബെസ്റ്റ് സേഫ്റ്റി വർക്കർ ആയി എറണാകുളം എഫ്.എ.സി.റ്റിയിലെ മഹേഷ് ഓറോൺ-നെ തെരഞ്ഞെടുത്തു.

251 മുതൽ 500 വരെ തൊഴിലാളികൾ പണിയെടുക്കുന്ന വലിയ വ്യവസായശാലകളിൽ രാസവസ്തുക്കൾ, പെട്രോകെമിക്കൽ, ജനറൽ എൻജിനിയറിംഗ്, ഓട്ടോമൊബൈൽ റിപ്പയറിംഗ് ആൻഡ് സർവീസിംഗ് വിഭാഗത്തിൽ പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡ്, പുതുവൈപ്പ്, കൊച്ചി, ഹിൻഡാൽകോ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ആലുപുരം വർക്സ്, കളമശേരി എന്നീ ഫാക്ടറികളും ഫുഡ് ആന്റ് ഫുഡ് പ്രോഡക്ട്സ് എന്ന വിഭാഗത്തിൽ സിന്തൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, കടയിരുപ്പ്, കോലഞ്ചേരി, എറണാകുളം, പ്ലാന്റ് ലിപിഡ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ ഫാക്ടറികളും റബർ, പ്ലാസ്റ്റിക്, കയർ, ടെക്സ്റ്റൈൽസ് ഫാക്ടറികൾ എന്ന വിഭാഗത്തിൽ വി.കെ.സി. ഫുട്ട് കെയർ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, കിനാലൂർ, കോഴിക്കോടും ഫാക്ടറിയും മറ്റുള്ള ഫാക്ടറികൾ എന്ന വിഭാഗത്തിൽ നേവൽ എയർ ക്രാഫ്റ്റ് യാർഡ്, നേവൽ ബേയ്സ്, കൊച്ചിയും അവാർഡിന് അർഹമായി. ബസ്റ്റ് സേഫ്റ്റി വർക്കറായി എ.വി.റ്റി. നാച്ചുറൽ പ്രൊഡക്ട്സ് ലിമിറ്റഡ് ആലുവയിലെ ഉദയകുമാർ, ഒ.സിയും ബസ്റ്റ് സേഫ്റ്റി ഗസ്റ്റ് വർക്കറായി എ.വി.റ്റി. നാച്ചുറൽ പ്രൊഡക്ട്സ് ലിമിറ്റഡ് ആലുവയിലെ അമിനുൾ ഇസ്ലാം ഖാനും തെരഞ്ഞെടുക്കപ്പെട്ടു.

101 മുതൽ 250 വരെ തൊഴിലാളികൾ പണിയെടുക്കുന്ന മീഡിയം വ്യവസായശാലകളിൽ രാസവസ്തു, പെട്രോകെമിക്കൽ, ജനറൽ എൻജിനിയറിങ്, ഓട്ടോമൊബൈൽ റിപ്പയറിംഗ് ആന്റ് സർവീസിംഗ് വിഭാഗത്തിൽ സുഡ് കെമി ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, ആലുവ, ഫുഡ് ആന്റ് ഫുഡ് പ്രോഡക്ട്സ് എന്ന വിഭാഗത്തിൽ സിന്തൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം, റബർ, പ്ലാസ്റ്റിക്, കയർ, ടെക്സ്റ്റൈൽസ്, പ്രിന്റിംഗ് ഫാക്ടറികൾ എന്ന വിഭാഗത്തിൽ ദി മാതൃഭൂമി പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് ലിമിറ്റഡ്, കോഴിക്കോട്, മറ്റുള്ള ഫാക്ടറികൾ എന്ന വിഭാഗത്തിൽ കാർബൊറണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്, നാലുകെട്ട്, കൊരട്ടി, തൃശൂർ, എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ്, ആക്കുളം, തിരുവനന്തപുരം എന്നീ ഫാക്ടറികളും അവാർഡിനർഹമായി. ബെസ്റ്റ് സേഫ്റ്റി വർക്കറായി ആക്കുളം എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിലെ മണികണ്ഠൻ. എ തെരഞ്ഞെടുക്കപ്പെട്ടു.

20 മുതൽ 100 പേരിൽ താഴെ തൊഴിലാളികൾ

പണിയെടുക്കുന്ന വ്യവസായശാലകളിൽ എൻജിനിയറിംഗ് മരാധിഷ്ഠിത വ്യവസായങ്ങൾ, കാഷ്യൂ ഫാക്ടറികൾ, കയർ ഫാക്ടറികൾ എന്നീ വിഭാഗത്തിൽ പാലക്കാട് സർജിക്കൽ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, വൈസ് പാർക്ക്, കഞ്ചിക്കോട് എന്ന ഫാക്ടറിയും കെമിക്കൽ, പെട്രോളിയം, പെട്രോകെമിക്കൽ, റബർ എന്നീ വിഭാഗത്തിൽ പ്രൊഡെയർ എയർ പ്രോഡക്ട്സ്, എറണാകുളവും പ്ലാസ്റ്റിക്, ആയുർവേദ മരുന്നുകൾ, സ്റ്റോൺ ക്രഷർ, ഐസ് പ്ലാന്റ് വിഭാഗത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സ്റ്റോൺ ക്രഷർ യൂണിറ്റ് കൊടിയത്തൂരും മറ്റുള്ള ഫാക്ടറികൾ എന്ന വിഭാഗത്തിൽ മലയാളമനോരമ പ്രൈവറ്റ് ലിമിറ്റഡ്, മലപ്പുറം യൂണിറ്റ്, അച്ചൂർ ടീ ഫാക്ടറി, അച്ചൂരാനം, വയനാട് എന്നിവയും അവാർഡ് നേടി.

20 പേരിൽ താഴെ തൊഴിലാളികൾ പണിയെടുക്കുന്ന വ്യവസായശാലകളിൽ കൺസ്ട്രക്ഷൻ മെറ്റീരിയൽ വിഭാഗത്തിൽ മലബാർ ഇന്റർലോക്ക്, ഒഴക്രോം, കണ്ണൂർ എന്ന ഫാക്ടറിയും ഓട്ടോമൊബൈൽ റിപ്പയറിംഗ് ആൻഡ് സർവീസിംഗ്, ജനറൽ എൻജിനിയറിംഗ്, അഗ്രികൾച്ചറൽ ഇംപ്ലിമെന്റ്സ് എന്ന വിഭാഗത്തിൽ സാരഥി ബൈക്ക്സ് പ്രൈവറ്റ് ലിമിറ്റഡ്, തട്ടാമല, കൊല്ലവും സാമിൽ ആൻഡ് ടിമ്പർ പ്രൊഡക്ട്സ് എന്ന വിഭാഗത്തിൽ എം.സി.എച്ച്. സാമിൽ, കാരക്കുന്ന്, മലപ്പുറവും മറ്റുള്ളവ എന്ന വിഭാഗത്തിൽ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, കാലിക്കട്ട് എയർപോർട്ട്, മലപ്പുറവും അവാർഡ് കരസ്ഥമാക്കി.

ബെസ്റ്റ് സേഫ്റ്റി കമ്മിറ്റിയായി ദി ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്, കൊച്ചി ഡിവിഷൻ, അമ്പലമേട്, എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ്, പേരൂർക്കട എന്നിവയും ബെസ്റ്റ് സ്റ്റാറ്റിയൂട്ടറി സേഫ്റ്റി ഓഫീസറായി ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് കോഴിക്കോട് ഡിപ്പോയിലെ സുനിൽ കുമാർ, ആലിങ്കലും ബെസ്റ്റ് സ്റ്റാറ്റിയൂട്ടറി മെഡിക്കൽ ഓഫീസർ ആയി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് ഉദ്യോഗമണ്ഡലിലെ ഡോ. വിദ്യ എസും അവാർഡിനർഹരായി.




# ഖാദി മേഖലയുടെ മൗലിക പുനഃസംഘാടനം നടപ്പാക്കും: മന്ത്രി പി. രാജീവ്

**ഖാദി** മേഖലയിൽ പുത്തൻ ഉണർവ് സൃഷ്ടിക്കാൻ മൗലികമായ പുനഃസംഘാടനം നടപ്പാക്കുമെന്നു വ്യവസായ മന്ത്രി പി. രാജീവ്. ഈ മേഖലയുടെ സമഗ്ര മാറ്റത്തിനായുള്ള മാസ്റ്റർ പ്ലാൻ തയാറാക്കുന്നതിനു ചെന്നൈ ഐ.ഐ.ടിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം വഞ്ചിയൂരിൽ പുതുതായി ആരംഭിച്ച ഖാദി ഗ്രാമ സൗഭാഗ്യ ഷോറൂം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഖാദിയുടെ മൗലികത നിലനിർത്തി തൊഴിൽ അനായാസമാക്കുന്നതിനുള്ള സംവിധാനങ്ങൾ സർക്കാർ ആലോചിച്ചിട്ടുണ്ടെന്നു മന്ത്രി പറഞ്ഞു. ഗുണമേൻമയുള്ള ഉത്പന്നങ്ങൾ മൂല്യവർധനവിലൂടെയും വൈവിധ്യവത്കരണത്തിലൂടെയും ഉപഭോക്താക്കളുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ കഴിയുന്ന രീതിയിൽ നിർമിക്കണം. പുതുതായി ആരംഭിച്ച ഗ്രാമ സൗഭാഗ്യ ഷോറൂമിൽ ഡിസൈനർ നിയമിച്ചിരിക്കുന്നത് ഇതിന്റെ ഭാഗമായാണ്. ഉപയോക്താക്കൾക്ക് അഭിരുചിക്കനുസരിച്ചു വസ്ത്രങ്ങൾ ഡിസൈൻ ചെയ്തു സ്റ്റിച്ച് ചെയ്യാൻ ഇവിടെ സൗകര്യമുണ്ട്.

ബുധനാഴ്ചകളിൽ ഖാദി ധരിക്കണമെന്ന സർക്കാർ തീരുമാനം ഈ മേഖലയിൽ വലിയ മുന്നേറ്റം സൃഷ്ടിച്ചിട്ടുണ്ട്. വിറ്റുവരവിൽ ഏഴു കോടിയോളം രൂപയുടെ വർധനവുണ്ടായി. വരുന്ന സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കാനുള്ള സർക്കാർ തീരുമാനത്തിൽ ഖാദി ഗ്രാമ വ്യവസായ മേഖലയ്ക്കു വലിയ പിന്തുണ നൽകാനാകുമെന്നും അദ്ദേഹം പറഞ്ഞു.

ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിച്ച ചടങ്ങിൽ ഖാദി ബോർഡ് വൈസ് ചെയർമാൻ പി. ജയരാജൻ ആദ്യ വിൽപ്പന നിർവഹിച്ചു. കെ.എസ്.ഇ.ബി. ചെയർമാൻ ഡോ. ബി. അശോക് ഏറ്റുവാങ്ങി. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, കൗൺസിലർ ഗായത്രി ബാബു, ബോർഡ് സെക്രട്ടറി ഡോ. കെ.എ. രതീഷ്, ബോർഡ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# സംസ്ഥാനത്തെ കമ്പോളങ്ങളെകുറിച്ചുള്ള സർവേയ്ക്കു തുടക്കമായി

**സാ**മ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് 2021–22 സാമ്പത്തിക വർഷം നടത്തുന്ന പ്രധാന സർവേകളിൽ ഒന്നായ കേരളത്തിലെ കമ്പോളങ്ങളെ കുറിച്ചുള്ള സർവേ ആരംഭിച്ചു. കേരളത്തിലെ കാർഷിക മേഖല ആശ്രയിക്കുന്ന പൊതുകമ്പോളങ്ങളെയും അവയുടെ നിലവിലെ പ്രവർത്തന രീതികളെയും കുറിച്ചുള്ള സമഗ്ര പഠനമാണ് സർവേയിലൂടെ ഉദ്ദേശിക്കുന്നത്.

കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്നതും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുന്നതുമായ കാർഷിക ഉത്പന്നങ്ങളുടെ മൊത്ത/ചില്ലറ വ്യാപാരം നടക്കുന്ന പൊതുകമ്പോളങ്ങളുടെ ഡയറക്ടറി തയാറാക്കുക, പശ്ചാത്തല സൗകര്യങ്ങളുടെ ലഭ്യത വിലയിരുത്തുക, അടിസ്ഥാന സൗകര്യങ്ങളുടെയും അനുബന്ധ സേവനങ്ങളുടെയും ലഭ്യത മനസിലാക്കുക, ശുചിത്വ പരിപാലനം വിലയിരുത്തുക, മൊത്തക്കച്ചവടം നടത്തുന്ന വ്യാപാരികളുടെ വിവരങ്ങൾ ശേഖരിക്കുക, കമ്പോളത്തിലെ വ്യാപാരികൾ ആശ്രയിക്കുന്ന സംഭരണശാലകളുടെ വിവരം ശേഖരിക്കുക, കാർഷിക ഉത്പന്നങ്ങളുടെ വിപണനരീതിയെ കുറിച്ച് മനസിലാക്കുന്നതിനും അതുവഴി മാർക്കറ്റ് ഇന്റലിജൻസിന്റെ ഭാഗമായുള്ള കമ്പോള പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്യുക എന്നിവയാണ് ഈ സർവേയുടെ ലക്ഷ്യങ്ങൾ.

ഓരോ കമ്പോളത്തിലും വിപണനം നടക്കുന്ന ദിവസങ്ങൾ, ഇടവേള, പ്രവർത്തന സമയം, വിപണനം നടക്കുന്ന വിവിധയിനം ഉത്പന്നങ്ങളുടെ വിവരം, കമ്പോളവരവ്, അവ പ്രാദേശികമായി ഉത്പാദിപ്പിച്ചവയാണോ, അയൽ ജില്ലകളിൽ നിന്ന് വരുന്നവയാണോ, അയൽ സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണോ, വിദേശരാജ്യങ്ങളിൽ നിന്നും വരുന്നവയാണോ തുടങ്ങിയവയാണ് വിഭാവനം ചെയ്തിട്ടുള്ള മറ്റു ലക്ഷ്യങ്ങൾ, ഇതിനുപുറമേ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിച്ചുവരുന്ന മാളുകൾ, സൂപ്പർമാർക്കറ്റുകൾ, ഹൈപ്പർമാർക്കറ്റുകൾ എന്നിവയുടെ വിവരവും സർവേയുടെ ഭാഗമായി ശേഖരിക്കും. വകുപ്പിലെ ഫീൽഡ്തല ഉദ്യോഗസ്ഥരാണ് വിവരശേഖരണം നടത്തുന്നത്.

# ഏറ്റവും മികച്ച തൊഴിലുറപ്പ് പദ്ധതി സംവിധാനം കേരളത്തിൽ: മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ




**രാ**ജ്യത്ത് ഏറ്റവും മെച്ചപ്പെട്ട രീതിയിൽ തൊഴിലുറപ്പ് പദ്ധതി സംവിധാനം പ്രവർത്തിക്കുന്ന സംസ്ഥാനമാണു കേരളമെന്നും ഈ വർഷം 2,474 കോടി രൂപ പദ്ധതിയുടെ ഭാഗമായി വനിതകളുടെ കൈയിൽ എത്തിക്കാൻ സാധിച്ചെന്നും തദ്ദേശ സ്വയംഭരണ മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ. ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ സാമ്പത്തിക-സാമൂഹിക പുരോഗതി ഉറപ്പാക്കാനും വനിതകളെ സാമ്പത്തികമായി ശാക്തീകരിക്കാനും തൊഴിലുറപ്പ് പദ്ധതിക്കു സാധിച്ചെന്നും അദ്ദേഹം പറഞ്ഞു. അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ചു കേന്ദ്ര ഗ്രാമവികസന മന്ത്രാലയം മാർച്ച് ഏഴു മുതൽ 13 വരെ നടത്തുന്ന ഐക്കോണിക്ക് വീക്കിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിലെ മേറ്റ്മാരുടെയും വ്യക്തിഗത ആനുകൂല്യങ്ങൾ വഴി മികച്ച പ്രവർത്തനം നടത്തിയ വനിതാ ഗുണഭോക്താക്കളെയും ആദരിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേരളത്തിലെ തൊഴിലുറപ്പ് സംവിധാനത്തിൽ സമ്പൂർണമായും വനിതാ മേറ്റുമാരാണുള്ളതെന്നു മന്ത്രി ചൂണ്ടിക്കാട്ടി. ഇവർ തൊഴിലുറപ്പു പദ്ധതിയുടെ അവിഭാജ്യഘടകമാണ്. മികച്ച നേതൃപാടവവും പ്രവർത്തനം കൈകാര്യം ചെയ്യുന്നതിനുള്ള ശേഷിയും ഇവർ ആർജ്ജിച്ചു. വ്യക്തിഗത ഉപജീവന ആസ്തികൾ ലഭിച്ച വനിതകൾക്ക് ജീവിതനിലവാരം മെച്ചപ്പെടുത്താൻ സാധിച്ചെന്നും ഇത്തരം ആസ്തികൾ ഗ്രാമീണ ഉത്പാദന മേഖലയ്ക്ക് മുതൽകൂട്ടാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

അയ്യങ്കാളി ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത്പ്രസിഡന്റ് ഡി. സുരേഷ് കുമാർ അധ്യക്ഷത വഹിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ്, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ ബി. അബ്ദുൾ നാസർ, കൗൺസിൽ അംഗം എസ്. രാജേന്ദ്രൻ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ എ. ലാസർ, ജില്ലാ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ടി. ഷാജി, മേറ്റുമാരുടെ പ്രതിനിധികൾ, ഗുണഭോക്തൃ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# 'തെളിനീരൊഴുകും നവകേരളം' ജനകീയ ക്യാമ്പയിന് മാർഗരേഖയായി

**ശാ**സ്ത്രീയ ദ്രവമാലിന്യ പരിപാലന സംവിധാനങ്ങളൊരുക്കി സംസ്ഥാനത്തെ മുഴുവൻ ജലാശയങ്ങളെയും മാലിന്യമുക്തമായും വൃത്തിയായും സംരക്ഷിക്കുന്നതിനുള്ള 'തെളിനീരൊഴുകും നവകേരളം' ജനകീയ ക്യാമ്പയിന് മാർഗരേഖയായതായി തദ്ദേശ സ്വയംഭരണ, എക്സൈസ് മന്ത്രി എം.വി. ഗോവിന്ദൻമാസ്റ്റർ പറഞ്ഞു.

മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ജലാശയങ്ങളുടെ ശുചിത്വ അവസ്ഥ പരിശോധിച്ച് മലിനപ്പെട്ട ഇടങ്ങൾ കണ്ടെത്തുകയും ജനകീയ ശുചീകരണ യജ്ഞത്തിലൂടെ ഇവ വൃത്തിയാക്കുകയും മലിനീകരണ ഉറവിടങ്ങളെ ജനകീയ പങ്കാളിത്തത്തോടെ കണ്ടെത്തി പട്ടിക തയാറാക്കുകയും ഇല്ലാതാക്കുന്നതിന് ശാസ്ത്രീയ ബദൽ സംവിധാനങ്ങൾ ഒരുക്കുകയുമാണ് ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു.

മാലിന്യനിക്ഷേപം തടയുന്നതിനും മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ കർമ്മപദ്ധതി രൂപീകരിക്കും. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അനുബന്ധ ഏജൻസികളുടെ സഹകരണത്തോടെ വിവിധ വകുപ്പുകളുടെ പദ്ധതി സംയോജനത്തിലൂടെയും ജനകീയ പങ്കാളിത്തത്തോടെയും ശാസ്ത്രീയ ഖര, ദ്രവ മാലിന്യ പദ്ധതികൾ ആസൂത്രണം ചെയ്യും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കുന്നതിന് പ്രാപ്തമാക്കാനും ക്യാമ്പയിൻ ലക്ഷ്യമിടുന്നു.

ജലസ്രോതസുകളെ മാലിന്യമുക്തമാക്കുന്നതിനായി ബന്ധപ്പെട്ട സർക്കാർ ഏജൻസികളെയും വിദ്യാർഥികളെയും യുവജനങ്ങളെയും സന്നദ്ധ സംഘടനകളേയും പങ്കെടുപ്പിച്ച് ജനകീയ വിദ്യാഭ്യാസ പരിപാടിയായാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 'തെളിനീരൊഴുകും നവകേരളം' ക്യാമ്പയിൻ നടപ്പിലാക്കുകയെന്നും മന്ത്രി പറഞ്ഞു.




സർവതല സ്പർശിയായ വിവര വിജ്ഞാന വ്യാപന ക്യാമ്പയിൻ പ്രവർത്തനങ്ങളിലൂടെ പൊതുജനങ്ങളിൽ ജലസ്രോതസുകൾ വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെയും ശാസ്ത്രീയ ദ്രവ മാലിന്യ പരിപാലനം സാധ്യമാക്കേണ്ടതിന്റെയും ആവശ്യകതയും കുടിവെള്ള ലഭ്യത കുറഞ്ഞു വരുന്നത് സംബന്ധിച്ചും അവബോധം സൃഷ്ടിക്കാൻ സാധിക്കും. ദ്രവമാലിന്യ പരിപാലന മേഖലയിൽ കേരളത്തിന്റെ സമഗ്രമായ ചുവടുവയ്പ്പായിരിക്കും 'തെളിനീരൊഴുകും നവകേരളം' ക്യാമ്പയിനെന്ന് മന്ത്രി പറഞ്ഞു.



*ടൂറിസം പ്രവർത്തനങ്ങൾക്ക് തയാറെടുക്കുന്ന തൃശൂരിലെ പുന്നയൂർ ഗ്രാമപഞ്ചായത്ത് അവിയൂർ പാടശേഖരം തൃശൂർ ജില്ലാ കളക്ടർ ഹരിത വി. കുമാർ സന്ദർശിച്ചപ്പോൾ.*

# ഫയദോർ ദസ്തയേവ്സ്കിയുടെ 200–ാം ജന്മവാർഷികം ആഘോഷിച്ചു

**സ്റ്റേറ്റ്** സെൻട്രൽ ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ വിശ്വപ്രസിദ്ധ റഷ്യൻ എഴുത്തുകാരൻ ഫയദോർ ദസ്തയേവ്സ്കിയുടെ 200-ാം ജൻമവാർഷികം ആഘോഷിച്ചു. ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു പരിപാടികൾ ഉദ്ഘാടനം ചെയ്തു.

മനുഷ്യ മനസിന്റെ അതിസങ്കീർണ തലങ്ങളെ അനാവരണം ചെയ്ത ഏഴുത്തുകാരനായിരുന്നു ഫയദോർ ദസ്തയേവ്സ്കിയെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി പറഞ്ഞു. സമാനതകളില്ലാത്ത അനുഭവങ്ങളിലൂടെ മനുഷ്യ മനസിന്റെ അടിത്തട്ടിലേക്ക് ഇറങ്ങിച്ചെല്ലാൻ അദ്ദേഹത്തിനു കഴിഞ്ഞു. മനുഷ്യമനസുകളുടെ സൂക്ഷ്മ ഭാവങ്ങൾ ഒരു ചിത്രകാരനെപ്പോലെ വരച്ചിടാൻ കഴിയുന്നുവെന്നതാണു മറ്റ് എഴുത്തുകാരിൽനിന്ന് അദ്ദേഹത്തെ വേറിട്ടുനിർത്തുന്നതെന്നും മന്ത്രി പറഞ്ഞു. മലയാളത്തിലെ പ്രമുഖ പ്രസാധകരുടെ പുതിയ പുസ്തകങ്ങളുടെ ഡിജിറ്റൽ ശേഖരം ചടങ്ങിൽ മന്ത്രി പ്രകാശനം ചെയ്തു.

ഫയദോർ ദസ്തയേവ്സ്കിയുടെ എഴുത്തും ചിന്തകളും ഈ കാലഘട്ടത്തിലും ഏറെ പ്രസക്തമാണെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച ഗതാഗത മന്ത്രി ആന്റണി രാജു പറഞ്ഞു. ഡോ. കെ.എസ്. രവികുമാർ, സി. അശോകൻ, സ്റ്റേറ്റ് ലൈബ്രേറിയൻ പി.കെ. ശോഭന, ഡെപ്യൂട്ടി സ്റ്റേറ്റ് ലൈബ്രേറിയൻ പി.യു. അശോകൻ തുടങ്ങിയവർ പങ്കെടുത്തു.



# തൊഴിൽ ശ്രേഷ്ഠ അവാർഡ് കയർതൊഴിലാളിയ്ക്ക്

**എ**റണാകുളം ജില്ലയിലെ പാലിയത്തുരുത് കയർ വ്യവസായ സഹകരണ സംഘം നം 666 ലെ തൊഴിലാളിയായ കെ.ജി. സുശീല സംസ്ഥാന സർക്കാരിന്റെ തൊഴിൽ വകുപ്പ് നൽകുന്ന ഈ വർഷത്തെ തൊഴിൽ ശ്രേഷ്ഠ അവാർഡിന് അർഹയായി.

പാലിയത്തുരുത് കയർ സംഘം പ്രവർത്തനം തുടങ്ങിയ നാൾ മുതൽ 31 വർഷത്തോളമായി മടൽ തല്ലുന്നതുമുതൽ പിന്നീട് റാട്ട് കറക്കുന്ന ജോലിയിൽ ഏർപ്പെടുകയും പിന്നീട് ട്രെയിനിംഗ് ലഭിച്ചശേഷം കയർ പിരി ജോലിയിൽ പ്രവർത്തിച്ചു വരികയുമാണ് 53 വയസുള്ള സുശീല.






*കയർ ബോർഡ് ആലപ്പുഴയിൽ സംഘടിപ്പിച്ച കയർ ഭൂവസ്ത്ര വിതാനം സംബന്ധിച്ച ദേശീയ സെമിനാർ കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ് ഉദ്ഘാടനം ചെയ്യുന്നു.*

# കയർ ഭൂവസ്ത്രവിതാനം: കളക്ടർ തൊഴിലിടങ്ങൾ സന്ദർശിച്ചു



മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പാറശ്ശാല, അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തുകളിലെ വിവിധ തൊഴിലിടങ്ങൾ തിരുവനന്തപുരം ജില്ലാ കളക്ടർ സന്ദർശിച്ചു. തൊഴിലുറപ്പ് തൊഴിലാളികളുമായി സംസാരിച്ചു. അവരുടെ ആവശ്യങ്ങളും പരാതികളും ചോദിച്ചറിഞ്ഞു.

ജോലിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനോടൊപ്പം തൊഴിലുറപ്പ് പദ്ധതിയുടെ മാനദണ്ഡങ്ങൾ അനുസരിച്ചു പൂർത്തിയാക്കിയ പ്രവർത്തികളെയും വിലയിരുത്തി. വേതനത്തിൽ സുതാര്യത ഉറപ്പ് വരുത്താനും തൊഴിൽനിലവാരം മെച്ചപ്പെടുത്താനും സൂപ്പർവൈസർമാർക്ക് കളക്ടർ നിർദേശം നൽകി. തൊഴിലുറപ്പ് പ്രവർത്തകർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ജോലി സ്ഥലങ്ങളിൽ ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തി. ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ ഡോ. ഷാജിയും വിവിധ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരും ഒപ്പമുണ്ടായിരുന്നു.

---

## വനിത ദിനത്തിൽ 5 പുതിയ പദ്ധതികളുമായി വനിത ശിശുവികസന വകുപ്പ്

# സ്ത്രീകളുടെ അവകാശ സംരക്ഷണം പൊതു ഉത്തരവാദിത്തം: മന്ത്രി വീണാ ജോർജ്

സ്ത്രീകളുടെ അവകാശ സംരക്ഷണം സ്ത്രീകളുടേയും പുരുഷൻമാരുടേയും പൊതുഉത്തരവാദിത്തമാണെന്ന് ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്. സ്ത്രീപക്ഷ നിലപാടുകളിലേക്ക് എത്തപ്പെടാത്ത ഇടങ്ങൾ ഇന്നും സമൂഹത്തിൽ പലതലങ്ങളിലുമുണ്ട്. 'നല്ലൊരു നാളേയ്ക്കായി സുസ്ഥിര ലിംഗസമത്വം ഇന്നേ' എന്നതാണ് ഈ വർഷത്തെ വനിത ദിന സന്ദേശം. ഈ സന്ദേശം പോലെ തന്നെ നല്ലൊരു ഭാവിക്കായി ലിംഗ സമത്വം ഇന്നേയുണ്ടാകണം. അതിനായി വേണ്ടത് നാളത്തെ തലമുറയെ ഇന്നേ തന്നെ ലിംഗസമത്വം ഉറപ്പാക്കി വളർത്തണം. അതിൽ മാതാപിതാക്കൾക്കും അധ്യാപകർക്കും വളരെയധികം സ്വാധീനിക്കാൻ കഴിയും. ഇതോടൊപ്പം സമൂഹത്തിന്റെ കാഴ്ചപ്പാടും മാറണമെന്നും മന്ത്രി വ്യക്തമാക്കി.

അന്താരാഷ്ട്ര വനിത ദിനാചരണം സംസ്ഥാനതല ഉദ്ഘാടനം നിശാഗന്ധി ഓഡിറ്റോറിയത്തിൽ വച്ച് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. അന്താരാഷ്ട്ര വനിത ദിനത്തോടനുബന്ധിച്ച് സ്ത്രീധന പരാതികൾക്കുള്ള പോർട്ടൽ, വിവാഹ പൂർവ കൗൺസിലിംഗ്, അങ്കണപ്പൂമഴ അങ്കണവാടി പാഠപുസ്തകം,




പെൻട്രിക കൂട്ട, ധീര എന്നീ 5 പുതിയ പദ്ധതികളാണ് വനിത ശിശുവികസന വകുപ്പ് ആവിഷ്ക്കരിച്ചിരിക്കുന്നത്. കുഞ്ഞ് മനസുകളിൽ മുതൽ നല്ല പാഠം ഉൾക്കൊള്ളുന്ന വിധത്തിലുള്ള പദ്ധതികളാണിവ.

**സ്ത്രീധന പരാതികൾക്കുള്ള പോർട്ടൽ**

സമകാലിക സംഭവങ്ങളുടെ പശ്ചാത്തലത്തിൽ വർധിച്ചുവരുന്ന സ്ത്രീധനത്തിനെതിരെയുള്ള പരാ

തികൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യാനും ഓൺലൈനായി തന്നെ നടപടികൾ സ്വീകരിക്കാനും സജ്ജമാക്കിയ പോർട്ടലാണിത്. ഈ പോർട്ടൽ മുഖേന വ്യക്തികൾക്കോ, പൊതുജനങ്ങൾക്കോ, സംഘടനകൾക്കോ സ്ത്രീധനം വാങ്ങുന്നതോ നൽകുന്നതോ ആയ പരാതി നൽകാവുന്നതാണ്. പരാതി പരിഹരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. മുഖ്യസ്ത്രീധന നിരോധന ഓഫീസർ പരാതി തീർപ്പാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതാണ്.

### വിവാഹ പൂർവ കൗൺസിലിംഗ്

വിവാഹശേഷം സ്ത്രീകൾ എങ്ങനെയായിരിക്കണം, എങ്ങനെയായിരിക്കരുത് എന്ന മുൻവിധികൾ പലപ്പോഴും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്കും അവകാശ ലംഘനങ്ങൾക്കും കാരണമാകും. ഇതിനെതിരെ കുടുംബങ്ങൾക്കകത്ത് ബോധവത്കരണം ആരംഭിക്കേണ്ട ആവശ്യകതയിലൂന്നിയാണ് വിവാഹപൂർവ കൗൺസിലിംഗ് ആരംഭിക്കുന്നത്. വനിതാ ശിശു വികസന വകുപ്പിന്റെ പ്രാദേശിക ഘടകങ്ങൾ വഴിയും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയുമാണ് പദ്ധതി നടപ്പിലാക്കുന്നത്.

### അങ്കണപ്പൂമഴ ജെൻഡർ ഓഡിറ്റഡ് പാഠ പുസ്തകം

കുട്ടികളിൽ ചെറുപ്രായം മുതൽ തന്നെ ലിംഗ സമത്വത്തിന്റെ പ്രാധാന്യവും അവബോധവും നൽകുക എന്ന ലക്ഷ്യം മുൻനിറുത്തി അങ്കണവാടികളിൽ ഉപയോഗിച്ചു വരുന്ന പഠന സാമഗ്രികൾ ജെൻഡർ ഓഡിറ്റിന് വിധേയമാക്കിയിരിക്കുന്നു. ഈ ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ പരിഷ്ക്കരിച്ചതാണ് അങ്കണപ്പൂമഴ പുതിയ പാഠപുസ്തകം.

### പെൺട്രിക കൂട്ട

അട്ടപ്പാടിയിലെ ആദിവാസി ഊരിലെ ആദിവാസി ജനങ്ങളുടെ ഇടയിലുള്ള പോഷണക്കുറവ് പരിഹരിക്കാനും ആരോഗ്യ പോഷണ നിലവാരം ഉയർത്താൻ ജീവിത ശൈലിയിൽ ഉണ്ടാകേണ്ട മാറ്റങ്ങൾ ജനങ്ങളുടെ



ഇടയിൽ ബോധവത്കരിക്കാനും ലക്ഷ്യമിട്ടാണ് അങ്കണവാടി പ്രവർത്തകരുടെ നേതൃത്വത്തിൽ പെൺട്രിക കൂട്ട ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. രോഗം ബാധിച്ചാൽ ആശുപത്രിയിൽ ചികിത്സയ്ക്ക് സമയബന്ധിതമായി പോകാൻ ഈ കൂട്ടായ്മ ബോധവത്കരിക്കും. ആരോഗ്യ നിലവാരം കുറയ്ക്കുന്ന അനാചാരങ്ങൾ, ജീവിത ശൈലി, ശീലങ്ങൾ, എന്നിവ മാറ്റുന്നതിനും ജനങ്ങളെ പ്രേരിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

### ധീര പദ്ധതി

സ്ത്രീകളോടും കുട്ടികളോടുമുള്ള അതിക്രമങ്ങൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ ബാല്യകാലത്തിൽ തന്നെ പെൺകുട്ടികളിൽ ആത്മവിശ്വാസവും ധൈര്യവും വളർത്തുക, മാനസിക ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുക, അതിക്രമങ്ങളെക്കുറിച്ച് ബോധവത്കരിക്കുക, സ്വയരക്ഷ സാധ്യമാക്കുക എന്നീ ഉദ്ദേശങ്ങളോടെയാണ് ധീര പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്.

നിർഭയ സെൽ മുഖാന്തിരം 10 മുതൽ 15 വയസ് വരെയുള്ള പെൺകുട്ടികൾക്ക് ആയോധന കലകൾ അഭ്യസിപ്പിക്കുന്നതുമാണ്. ഈ ഏപ്രിൽ മാസം മുതൽ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട 3 തദ്ദേശ സ്ഥാപനങ്ങൾ വഴിയായിരിക്കും പദ്ധതി ആദ്യ ഘട്ടത്തിൽ നടപ്പിലാക്കുക.



*തൃശൂർ പുന്നയൂർ ഗ്രാമപഞ്ചായത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് പാടശേഖര ബണ്ട് സംരക്ഷിക്കുന്നതിന്റെ ഉദ്ഘാടനം നടന്നു . അവിയൂർ പാടശേഖരത്തിലെ കൈ നാക്കൽ പാലത്തിന് സമീപം നടന്ന ചടങ്ങിൽ കയർ ഭൂവസ്ത്ര വിതാനത്തിന്റെ സാങ്കേതിക കാര്യങ്ങൾ പ്രൊജക്ട് ഓഫീസർ സോജൻ സി. ആർ തൊഴിലാളികൾക്ക് പരിചയപ്പെടുത്തുന്നു. പഞ്ചായത്ത് നടപ്പാക്കുന്ന ടൂറിസം പ്രോജക്ടിന്റെ ഭാഗമായാണ് ഭൂവസ്ത്ര വിതാന പദ്ധതി നടപ്പാക്കുന്നത്*

# വേനലിൽ കുളിരേകാൻ കയർ ഭൂവസ്ത്രം വിരിച്ച കുളം



*ക്ലാപ്പന പഞ്ചായത്ത് തൊഴിലുറപ്പ് തൊഴിലാളികൾ നിർമ്മിച്ച കുളം*

വേനൽച്ചൂടിൽ നിന്ന് ആശ്വാസം പകരാൻ തൊഴിലുറപ്പ് തൊഴിലാളികൾ കൊല്ലം ജില്ലയിൽ നിർമ്മിച്ചത് 105 കുളം, ഏഴു പൊതുകുളം നവീകരിക്കുകയും ഒരു പൊതുകുളം നിർമ്മിക്കുകയും ചെയ്തു. 68 പഞ്ചായത്തിലായി നിർമ്മിച്ച കുളങ്ങളിൽ 10 ലക്ഷം ക്യൂബിക് മീറ്റർ വെള്ളം സംഭരിക്കാൻ കഴിയും. കാർഷിക, ഗാർഹിക ആവശ്യങ്ങൾക്കും ഭൂഗർഭ ജലം പിടിച്ചുനിർത്താനും ലക്ഷ്യമിട്ടാണ് കുളം നിർമ്മിച്ചത്.

10 കോടിയിൽപരം രൂപ ചിലവഴിച്ച് രണ്ടുസെന്റ് വരെ വലിപ്പമുള്ള കുളങ്ങളാണ് നിർമ്മിച്ചത്. നവീകരിച്ച പല കുളങ്ങളും 2021 പദ്ധതി തുടങ്ങുമ്പോൾ വെള്ളമില്ലാതെ വറ്റി വരണ്ട് കാടുകയറി നാശത്തിന്റെ വക്കിലായിരുന്നു. ഒരു കിലോമീറ്റർ ചുറ്റളവിൽ കിണറുകളിൽ ജലം ലഭ്യമാക്കാൻ കഴിയുന്ന തരത്തിൽ കിണർ റീചാർജിംഗും സുഖമമായി നടക്കുന്നു. പദ്ധതിയിലെ ഓരോ കുളവും മണ്ണെടുത്ത് ആഴംകൂട്ടി, കയർ ഭൂവസ്ത്രം വിരിച്ച് രാമച്ചവും നട്ടുപിടിപ്പിച്ചാണ് സംരക്ഷിച്ചത്.

കൃഷി വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നിവയുടെ സഹായത്തോടെയാണ് കുളങ്ങൾ നിർമ്മിച്ചത്. കൃഷിക്ക് ആവശ്യമായ വെള്ളം നൽകാൻ റെഗുലേറ്റർ വാൽവ് ഒരുക്കാനും തൊഴിലുറപ്പ് തൊഴിലാളികൾ രംഗത്തുണ്ട്. നിർമ്മിച്ച 40 കുളങ്ങളിൽ മത്സ്യകൃഷി പുരോഗമിക്കുന്നു. നടത്തിപ്പുകാരായ പഞ്ചായത്തുകളിൽനിന്ന് ലേലം നടത്തിയാണ് മത്സ്യകൃഷിക്ക് കുളം വിട്ടുനൽകിയത്. മറ്റിടങ്ങളിൽ ഗുണഭോക്താക്കളുടെ കൂട്ടായ്മയാണ് മത്സ്യ കൃഷി നടത്തുന്നത്. ഇതിൽ പലതും വിളവെടുപ്പിന് ഒരുങ്ങി കഴിഞ്ഞു.




*കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ചെയർമാൻ സി.ആർ. വത്സൻ ഔദ്യോഗിക പദവി ഏറ്റെടുക്കുന്നു.*

# പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ വിയോഗത്തിൽ മുഖ്യമന്ത്രി അനുശോചിച്ചു

ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി. മലപ്പുറം ജില്ലാ ലീഗ് അധ്യക്ഷൻ എന്ന നിലയിലും സംസ്ഥാന അധ്യക്ഷൻ എന്ന നിലയിലും കേരള രാഷ്ട്രീയത്തിലെ സൗമ്യ സാന്നിധ്യമായിരുന്നു ഇക്കാലമത്രയും അദ്ദേഹം. മത സൗഹാർദ്ദം നിലനിർത്തുന്നതിൽ ഊന്നിയ സമീപനമായിരുന്നു അദ്ദേഹത്തിന്റേത്. രാഷ്ട്രീയമായി വ്യത്യസ്ത ധ്രുവങ്ങളിൽ നിൽക്കുമ്പോഴും വ്യക്തിപരമായ സൗഹൃദം കാത്തുസൂക്ഷിക്കുന്നതിൽ എന്നും ശ്രദ്ധിച്ചിരുന്നു.

രാഷ്ട്രീയ പ്രവർത്തനത്തിന് പുറമേ മറ്റു നിരവധി സംഘടനകളുടെ നേതൃത്വത്തിലും അദ്ദേഹം ദീർഘകാലം പ്രവർത്തിച്ചു. അനാഥ മന്ദിരങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നേതൃത്വത്തിലും അദ്ദേഹം ഉണ്ടായിരുന്നു. മത നേതാവ് എന്ന നിലയിലും സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ ഉന്നത നേതാവ് എന്ന നിലയിലും അദ്ദേഹത്തിന്റെ പ്രവർത്തനം ശ്രദ്ധേയമായിരുന്നു. ഇസ്ലാമിക പണ്ഡിതനായ തങ്ങൾ അനേകം



മഹല്ലുകളുടെ ഖാസി എന്ന നിലയിലും ഏറെ ആദരവ് പിടിച്ചുപറ്റിയിരുന്നു. പാണക്കാട് ഹൈദരലി ശിഹാബ് തങ്ങളുടെ കുടുംബത്തെയും സഹപ്രവർത്തകരെയും അദ്ദേഹത്തിന്റെ വിയോഗത്തിൽ ദുഃഖിക്കുന്ന എല്ലാവരെയും അനുശോചനം അറിയിക്കുന്നതായി മുഖ്യമന്ത്രി പറഞ്ഞു.

# ആദരാഞ്ജലി

## മല്ലു സ്വരാജ്യം



തെലങ്കാന കർഷക പ്രക്ഷോഭ പോരാളിയും മുതിർന്ന സി.പി.എം നേതാവുമായ മല്ലു സ്വരാജ്യത്തിന്റെമരണംതൊഴിലാളിപ്രസ്ഥാനത്തിനുംരാജ്യത്തിനും തീരാനഷ്ടമാണ്. സുദീർഘമായ സമര പോരാട്ടത്തിന് ചുക്കാൻ പിടിച്ച ധീരസഖാവിന്റെ ജീവിതം എക്കാലവും ആവേശം നൽകുന്ന ഒന്നായിരുന്നു. കർഷക പ്രക്ഷോഭത്തിന്റെ നേതൃസ്ഥാനത്തിരുന്ന മല്ലു സ്വരാജ്യത്തിന്റെ തലക്ക് അന്ന് പതിനായിരം രൂപയായിരുന്നു സർക്കാർ ഇനാം പ്രഖ്യാപിച്ചത്. എന്നാൽ അവർ കർഷകർക്കായുള്ള പോരാട്ടം തുടർന്നു.

സർക്കാരിനെ വിറപ്പിച്ച പ്രക്ഷോഭത്തിനൊടുവിൽ ലക്ഷക്കണക്കിന് കർഷകർക്ക് ഭൂമി നേടിയെടുക്കാനായത് ഈ രാജ്യത്ത് തെലങ്കാനക്ക് മാത്രം അവകാശപ്പെടാനാകുന്ന ചരിത്രങ്ങളിലൊന്നാണ്. സി.പി.എം പാർട്ടി കേന്ദ്രകമ്മിറ്റി അംഗമായി ദീർഘകാലം പ്രവർത്തിച്ച അവർ ശാരീരികമായ അവശതകൾക്കിടയിൽ പോലും തെലങ്കാനയിലെ സമരങ്ങളിൽ പങ്കെടുക്കാറുണ്ടായിരുന്നു.

ഇ.എം.എസ്. ദിനത്തിലാണ് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെയും പോരാട്ടവീര്യത്തിന്റെ പ്രതീകമായ മറ്റൊരു ധീരനോതാവുകൂടി കൂടി വിട പറഞ്ഞിരിക്കുന്നത്. മല്ലു സ്വരാജ്യത്തിന് ആദരാജ്ഞലികൾ അർപ്പിക്കുന്നു.

## പി.കെ. സിനോജ്



കയർഫെഡ് ജീവനക്കാരൻ പി.കെ. സിനോജ് അന്തരിച്ചു. കയർഫെഡിന്റെ ചാലക്കുടി ഷോറൂമിലെ ജീവനക്കാരനായിരുന്നു. കയർഫെഡ് മാനേജ്മെന്റിന്റെയും ജീവനക്കാരുടെയും ആദരാജ്ഞലികൾ അർപ്പിക്കുന്നു

# കയർഫെഡ് ഭരണസമിതി



അഡ്വ. എൻ. സായികുമാർ
പ്രസിഡന്റ്



ജോഷി എബ്രഹാം
വൈസ് പ്രസിഡന്റ്



എസ്.എൽ. സജികുമാർ
എക്സി. മെമ്പർ



വി.എസ്. മണി
എക്സി. മെമ്പർ



എം. പുഷ്കരൻ
എക്സി. മെമ്പർ



കെ.വി. സത്യപാലൻ
എക്സി. മെമ്പർ



പ്രമീള രമണൻ
എക്സി. മെമ്പർ



ആർ. അജിത് കുമാർ
ബോർഡ് മെമ്പർ



ടി.എ. മോഹനൻ
ബോർഡ് മെമ്പർ



വി.എൻ. ഉണ്ണികൃഷ്ണൻ
ബോർഡ് മെമ്പർ



എ. പ്രേമൻ
ബോർഡ് മെമ്പർ



മങ്ങംതറ ദേവൻ
ബോർഡ് മെമ്പർ



എം. അമ്മിണി
ബോർഡ് മെമ്പർ



രമ മദനൻ
ബോർഡ് മെമ്പർ



ബി. സാബു
ബോർഡ് മെമ്പർ



എസ്. ശശിവർണ്ണൻ
ബോർഡ് മെമ്പർ



കെ.എ. മുഹമ്മദ്
ബോർഡ് മെമ്പർ



രാജേഷ് കുമാർ സിൻഹ IAS
പ്രിൻസിപ്പൽ സെക്രട്ടറി (കയർ)



വി.ആർ. വിനോദ് IAS
കയർ വികസന ഡയറക്ടർ

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 31-03-2022, March 2022




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705